2026 MARCH 08

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന ഷേർളി ജോണിന്റെ കാഴ്ചപ്പാടുകൾ





## വിശ്വാസം വാഗ്ദാനം ചെയ്യുന്നവർ ഏറെയാണ്; ഇന്റഗ്രിറ്റി തെളിയിക്കുന്നവർ കുറവാണ് : അപ്പുക്കുട്ടൻ പിള്ള


415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE
JEWELLERY
SHOPPING LIKE
NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA |
SURREY
OPENING SOON
IN SEATTLE AND SANTA CLARA

# വിശ്വാസം വാഗ്ദാനം ചെയ്യുന്നവർ ഏറെയാണ്; ഇന്റഗ്രിറ്റി തെളിയിക്കുന്നവർ കുറവാണ് : അപ്പുക്കുട്ടൻ പിള്ള



**മീട്ടു റഹ്മത്ത് കലാം**

അമേരിക്കൻ മലയാളി വേദികളിൽ 'മാവേലി' എന്ന് കേട്ടാൽ ആദ്യം ഓർക്കുന്ന മുഖമാണ് അപ്പുക്കുട്ടൻ പിള്ളയുടേത്. കഴിഞ്ഞ അമ്പത് വർഷമായി ന്യൂയോർക്കിൽ നിന്ന് അനവധി വേദികളിലേക്ക് മഹാബലിയെ അവതരിപ്പിച്ച അദ്ദേഹത്തിന് പ്രത്യേക പരിചയപ്പെടുത്തൽ ആവശ്യമില്ല. വേഷം മാറിയാലും മനസ്സ് മാറാത്ത ഒരാളായി, കൃത്യതയും ഉത്തരവാദിത്തവും ജീവിത ശൈലിയാക്കിയ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേതെന്ന് അടുത്തറിയുന്നവർ ഏറ്റുപറയും.

അടൂർ പോലീസ് സ്റ്റേഷനിലെ എസ്.ഐ. സ്ഥാനത്ത് നിന്ന് അമേരിക്കൻ പ്രവാസജീവിതത്തിലേക്കുള്ള യാത്ര, 32 വർഷത്തെ യു.എസ്. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് സേവനം, വിവിധ സംഘടനകളിലെ സാമ്പത്തിക ചുമതലകൾ

ഇവയൊക്കെ ചേർന്നാണ് അദ്ദേഹത്തിന്റെ പ്രവർത്തന തത്വം രൂപപ്പെട്ടത്. ഫിലിപ്പോസ് ഫിലിപ്പ് നയിക്കുന്ന ടീം ഇന്റഗ്രിറ്റി എന്ന പാനലിൽ വിവിധ കമ്മിറ്റികളുടെ പൂർണ്ണ പിന്തുണയോടെ ഫൊക്കാന അസോസിയേറ്റ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന അപ്പുക്കുട്ടൻ പിള്ള, പദവിയെ അധികാരമായല്ല മറിച്ച് ഉത്തരവാദിത്തമായാണ് കാണുന്നത്.

കലാരംഗം, സംഘടനാ പ്രവർത്തനം, സാമ്പത്തിക അച്ചടക്കം എന്നിവ മുൻനിർത്തിയാണ് അദ്ദേഹം വോട്ടർമാരെ സമീപിക്കുന്നത്. മാവേലിയെ പോലെ നീതിയും സമത്വവും പൊതുസമ്പത്തിന്റെ സംരക്ഷണവും മുന്നിൽവച്ച് പ്രവർത്തിക്കാമെന്ന ഉറച്ച ആത്മവിശ്വാസത്തോടെ അപ്പുക്കുട്ടൻ പിള്ള തിരഞ്ഞെടുപ്പിൽ മാറ്റുരയ്ക്കാൻ തയ്യാറെടുത്തിരിക്കുന്നു...

### ഫൊക്കാന അസോസിയേറ്റ് ട്രഷറർ സ്ഥാനാർത്ഥിയായി എത്തിനിൽക്കുമ്പോൾ ഈ യാത്രയെ എങ്ങനെ കാണുന്നു?

അടൂർ പോലീസ് സ്റ്റേഷനിൽ എസ്.ഐ ആയിരുന്നു. 1975-ൽ അമേരിക്കയിലെത്തി. കഴിഞ്ഞ 50 വർഷക്കാലമായി മാവേലിയായി വേദിയിൽ നിൽക്കുമ്പോൾ ഞാൻ ഒരിക്കലും പ്രതിഫലം ചിന്തിച്ചിട്ടില്ല.കോവിഡ് കാലത്തുപോലും മാവേലി വേഷം ഒഴിവാക്കിയിട്ടില്ല. അതുപോലെ തന്നെയാണ് എനിക്ക് സംഘടനാപ്രവർത്തനവും. 32 വർഷം യുഎസ് പോസ്റ്റൽ ഡിപ്പാർട്മെന്റിൽ സേവനം അനുഷ്ഠിച്ച് സൂപ്പർവൈസറായി വിരമിച്ചതാണ്. കൃത്യതയും ഉത്തരവാദിത്തവുമാണ് എന്റെ ജീവിതശൈലി. അതുതന്നെയാണ് ഫൊക്കാനയിലും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

### ഇത്രയും വർഷം സ്വന്തം ചെലവിലാണോ വേഷമിട്ടിട്ടുള്ളത്?

തീർച്ചയായും. ഏഴ് കോസ്റ്റ്യൂമുകളും മൂന്ന് ഓലക്കുടകളും എന്റെ വീട്ടിലുണ്ട്. എല്ലാം സ്വന്തം ചെലവിൽ. സിനിമാരംഗത്തെ സൗഹൃദബന്ധങ്ങളിലൂടെ പട്ടണം റഷീദ്, ഇന്ദ്രൻസ് എന്നിവർ കോസ്റ്റ്യൂം ഒരുക്കി നൽകിയിട്ടുണ്ട്. ഒരു പൈസയുടെ വരെ വില അറിയുന്ന ഒരാളാണ് ഞാൻ. സംഘടനയുടെ പണം പൊതുസമ്പത്താണ് അതിനെ അതുപോലെ കാത്തുസൂക്ഷിക്കണം. അസ്സോസിയേറ്റ് ട്രഷററായി വിജയിച്ചാൽ അതിന് തന്നെ ആയിരിക്കും പരിഗണന. വ്യക്തിജീവിതത്തിലെ സാമ്പത്തിക അച്ചടക്കം ഉത്തരവാദിത്തപ്പെട്ട സ്ഥാനത്തിരിക്കുമ്പോൾ ഗുണം ചെയ്യുമെന്നാണ് എന്റെ അനുഭവം.

### കലാപ്രവർത്തനങ്ങളും സംഘടനാപ്രവർത്തനങ്ങളുമാണോ അമേരിക്കൻ മലയാളികൾ ഇന്നറിയുന്ന അപ്പുപിള്ളയെ രൂപപ്പെടുത്തിയത്?

അങ്ങനെ പറയുന്നതിൽ തെറ്റില്ല. ചെണ്ട, തകിൽ,



കുടുക്കുംഎല്ലാം കൈവശമുണ്ട്. 'ഫ്രണ്ട്സ് ഓഫ് കേരള' എന്ന ചെണ്ടഗ്രൂപ്പിലൂടെ ഇവിടുള്ള കുട്ടികൾക്ക് പരിശീലനവും നൽകുന്നുണ്ട്.'മുല്ലമൊട്ടും മുന്തിരിച്ചാറും', 'സ്വർണ്ണം', 'കാഞ്ചിപുരത്തെ കല്യാണം' എന്നീ സിനിമകൾ നിർമ്മിച്ചു. 'അവർക്കൊപ്പം' എന്ന ചിത്രത്തിൽ അഭിനയിച്ചു. എൻ.എൻ. പിള്ളയുടെ 'ഗറില്ല' നാടകത്തിൽ അഭിനയിച്ചു.

ന്യൂയോർക്കിലെ കേരള കൾച്ചറൽ അസോസിയേഷന്റെ സ്ഥാപക അംഗമാണ്. ഫൊക്കാനയുടെ ആദ്യ ന്യൂയോർക്ക് കൺവൻഷനിലെ സംഘാടകരിൽ ഒരാളായിരുന്നു. കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ഭരണസമിതിയിലുമുണ്ട്.

### ഗിന്നസ് റെക്കോർഡ് ശ്രമം എങ്ങനെ തുടങ്ങി?

2025 ഏപ്രിൽ 14-ന് 50 വർഷം തുടർച്ചയായി മാവേലിയായി വേഷമിട്ടതിനുള്ള ആദരവ് ഏറ്റുവാങ്ങി. അതിന്റെ അടിസ്ഥാനത്തിലാണ് ഗിന്നസ് റെക്കോർഡിലേക്ക് അപേക്ഷ നൽകിയത്. ഇത് വ്യക്തിപരമായ നേട്ടമല്ല; അമേരിക്കൻ മലയാളികളുടെ അഭിമാനമാണ്.

### ഫൊക്കാന അസോസിയേറ്റ് ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടാൽ മുൻഗണനകൾ?

ഫൊക്കാന പോലൊരു വലിയ ഫെഡറേഷന്റെ അസോസിയേറ്റ് ട്രഷറർ സ്ഥാനമെന്നത് ഒരു പദവി മാത്രമല്ല അതൊരു വിശ്വാസഭാരമാണ്. അംഗങ്ങൾ നൽകിയ ഓരോ ഡോളറും അവരുടെ അധ്വാനത്തിന്റെ ഫലമാണ്. അതിനാൽ എന്റെ മുൻഗണനകൾ വളരെ വ്യക്തവും പദ്ധതിപരവുമാണ്. ഓരോ വരവും ചെലവും അംഗങ്ങൾക്ക് വ്യക്തമായി അറിയാവുന്ന രീതിയിൽ രേഖപ്പെടുത്തും. പ്രധാന സാമ്പത്തിക റിപ്പോർട്ടുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുക, എക്സിക്യൂട്ടീവ് ബോർഡിനും അംഗ അസോസിയേഷനുകൾക്കും സ്ഥിരമായി അപ്ഡേറ്റ് നൽകുക എന്നിവ ഉറപ്പാക്കും. സാമ്പത്തിക കാര്യങ്ങളിൽ സംശയത്തിന് ഇടവരരുതെന്ന് നിർബന്ധമുണ്ട്. നവീന സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് അക്കൗണ്ടുകൾ കൃത്യമായി പരിപാലിച്ച് ഭാവി ഭരണസമിതികൾക്കും വ്യക്തമായ രേഖകൾ കൈമാറാൻ കഴിയണം. വർഷാരംഭത്തിൽ യാഥാർത്ഥ്യബോധമുള്ള ബജറ്റ് തയ്യാറാക്കി, അതനുസരിച്ച് ചെലവുകൾ നിയന്ത്രിച്ച് ആവശ്യമില്ലാത്ത ചിലവുകൾ ഒഴിവാക്കി, ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയാണ് ലക്ഷ്യം. ഓരോ പദ്ധതിക്കും മുൻകൂട്ടി സാമ്പത്തിക മൂല്യനിർണയം നടത്തണം. ഫൊക്കാനയുടെ പ്രധാന ശക്തി സേവനപ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ സഹായം, ദുരിതാശ്വാസം, ആരോഗ്യപദ്ധതികൾ തുടങ്ങിയവയ്ക്ക് നീക്കിവയ്ക്കുന്ന തുക ശരിയായ ആളുകളിൽ എത്തുന്നുവെന്ന് ഉറപ്പാക്കാൻ കർശനമായ മാനദണ്ഡങ്ങൾ രൂപപ്പെടുത്തും. ഫണ്ടിന്റെ ഉപയോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തും. കൺവൻഷൻ, സ്പോൺസർഷിപ്പ്, ഫണ്ട്റെയ്സിംഗ് പരിപാടികൾ എന്നിവ കൂടുതൽ ക്രമബദ്ധമാക്കണം. ഫൊക്കാനയുടെ അടിത്തറ അംഗ അസോസിയേഷനുകളാണ്. അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഫണ്ട് വിതരണം,



പ്രോജക്ട് പിന്തുണ എന്നിവയിൽ ന്യായവും തുല്യതയും ഉറപ്പാക്കും.

**യുവജനങ്ങൾക്കുവേണ്ടി ഫൊക്കാനയ്ക്ക് എന്തൊക്കെ ചെയ്യാനാകും?**

സംഘടനയുടെ ഭാവി യുവതലമുറയിലാണ്. അവരുടെ ലീഡർഷിപ്പ് ട്രെയിനിംഗ്, സാംസ്കാരിക ക്യാമ്പുകൾ, വിദ്യാഭ്യാസ പദ്ധതികൾ എന്നിവയ്ക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കും.

**താങ്കൾ മത്സരിക്കുന്ന പാനലിന്റെ പേര് 'ഇന്റഗ്രിറ്റി' എന്നാണല്ലോ. അതിന് പിന്നിലെ സന്ദേശം എന്താണ്?**

'ഇന്റഗ്രിറ്റി' എന്നത് ഒരു പേര് മാത്രമല്ല, അത് ഒരു നിലപാടാണ്. വ്യക്തിജീവിതത്തിലും പൊതുപ്രവർത്തനത്തിലും നിഷ്കളങ്കതയും സുതാര്യതയും പാലിക്കണം എന്ന വിശ്വാസത്തിലാണ് ഞങ്ങളുടെ പാനൽ ഒരുമിച്ചിരിക്കുന്നത്. വിശ്വാസം എന്നത് വാക്കുകളിൽ ഉണ്ടാകുന്നതല്ല; പ്രവൃത്തികളിലൂടെ തെളിയിക്കേണ്ടതാണ്.

ഞങ്ങളുടെ ടീമിലെ ഓരോ അംഗത്തിനും സമൂഹത്തിൽ വ്യക്തമായൊരു ട്രാക്ക് റെക്കോർഡ് ഉണ്ട് സാമ്പത്തിക കാര്യങ്ങളിൽ കൃത്യത, സംഘടനാ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വം, തീരുമാനങ്ങളിൽ നീതി. ഒരു സംഘടനയെ മുന്നോട്ട് കൊണ്ടുപോകാൻ കഴിവ് മാത്രം മതിയാകില്ല; സ്വഭാവത്തിന്റെ നിഷ്കളങ്കതയും വേണം.

അംഗങ്ങൾ ഏൽപ്പിക്കുന്ന ഓരോ ചുമതലയും വിശ്വാസത്തിന്റെ പ്രതീകമാണ്. ആ വിശ്വാസം കാത്തുസൂക്ഷിക്കാനുള്ള പ്രതിബദ്ധതയോടെയാണ് ഞങ്ങൾ മുന്നോട്ട് വരുന്നത്. ഇന്റഗ്രിറ്റി എന്നത് ഒരു വാഗ്ദാനം അല്ല അത് ഞങ്ങളുടെ പ്രവർത്തനരീതി തന്നെയാണ്.

**എന്തുകൊണ്ട് താങ്കൾക്ക് വോട്ട് ചെയ്യണം എന്ന് ചോദിച്ചാൽ?**

എന്റെ ജീവിതാനുഭവം 32 വർഷത്തെ സർക്കാർ സേവനം, വിവിധ സംഘടനകളിൽ ട്രഷറർ പദവി വഹിച്ച പരിചയംഇവയെല്ലാം ചേർന്നാണ് വോട്ടർമാരോട് വോട്ട് അഭ്യർത്ഥിക്കാൻ ധൈര്യം തോന്നുന്നത്. ഞാനൊരു സ്ഥാനാർത്ഥിയിൽ ആഗ്രഹിക്കുന്ന ഗുണങ്ങൾ എന്നിൽ ഉണ്ടെന്ന ഉറപ്പുകൊണ്ടാണ് മത്സരിക്കാൻ തീരുമാനിച്ചത്. വോട്ട് നൽകുന്നവർക്ക് വേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കുമെന്ന് ഈ അവസരത്തിൽ ഉറപ്പ് നൽകുന്നു. വിശ്വാസം ഒരുദിവസം കൊണ്ട് നേടാനാവില്ല. ഫൊക്കാനയുടെ ഓരോ അംഗത്തിന്റെയും വിശ്വാസം കാത്തുസൂക്ഷിക്കാനും സ്നേഹത്തോടെ പെരുമാറുന്നതിനും ഇതുവരെ കഴിഞ്ഞിട്ടുണ്ട്.

**ഞാനൊരു സ്ഥാനാർത്ഥിയിൽ ആഗ്രഹിക്കുന്ന ഗുണങ്ങൾ എന്നിൽ ഉണ്ടെന്ന ഉറപ്പുകൊണ്ടാണ് മത്സരിക്കാൻ തീരുമാനിച്ചത്. വോട്ട് നൽകുന്നവർക്ക് വേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കുമെന്ന് ഈ അവസരത്തിൽ ഉറപ്പ് നൽകുന്നു. വിശ്വാസം ഒരുദിവസം കൊണ്ട് നേടാനാവില്ല. ഫൊക്കാനയുടെ ഓരോ അംഗത്തിന്റെയും വിശ്വാസം കാത്തുസൂക്ഷിക്കാനും സ്നേഹത്തോടെ പെരുമാറുന്നതിനും ഇതുവരെ കഴിഞ്ഞിട്ടുണ്ട്.**

മോശമായി ഒന്നും പറയാൻ ഇട വരുത്തിയിട്ടില്ല. നീതിയോടെ, സമത്വത്തോടെ, ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാമെന്നതാണ് എന്റെ വാഗ്ദാനം.

മാവേലിയെ പോലെ നീതിയോടെയും സമത്വബോധത്തോടെയും പൊതുസമ്പത്ത് കാത്തുസൂക്ഷിക്കുക എന്നതാണ് എന്റെ അടിസ്ഥാന തത്വം. അംഗങ്ങൾ ഏൽപ്പിക്കുന്ന വിശ്വാസം സംരക്ഷിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കും.

**കുടുംബത്തിന്റെ പിന്തുണ?**

ഭാര്യ രാജമ്മയുമായാണ് ഫൊക്കാനയുടെ കൺവെൻഷനിലും പരിപാടികളിലും പങ്കെടുക്കുന്നത്. സ്പോൺസർഷിപ്പ് നല്കുന്ന തടക്കം സംഘടനയുടെ എല്ലാക്കാര്യത്തിലും അവളുടെ പിന്തുണയുണ്ട്. ഞങ്ങൾക്ക് മൂന്ന് പെണ്മക്കളാണ്. അമേരിക്കയിൽ ജനിച്ചുവളർന്നിട്ടും നല്ല അസ്സലായി മൂവരും മലയാളം പറയും. എല്ലാവർഷവും നാട്ടിൽ വരാറുണ്ട്.

മൂത്തമകൾ ബിന്ദു പിള്ള ഡോക്ടറാണ്.ഗൈനക്കോളജിസ്റ്റായ തമിഴ്-മലയാളി ശ്യാമളൻ സത്യശീലനാണ് ഭർത്താവ്, മക്കൾ:ആര്യൻ,അശായ. രണ്ടാമത്തെയാൾ ബിനു പിള്ള ന്യൂയോർക്ക് സിറ്റിയിലെ ആദ്യത്തെ മലയാളി വനിതാപൊലീസ് ഓഫീസറാണ്. ഭർത്താവ് അബ്ദുൽ നസീർ,മകൻ റിസാൻ. ഇളയയാൾ ഇന്ദു പിള്ള ഐടി മേഖലയിലാണ്.ഗുജറാത്തിയായ രാജാ ചന്ദാണ് ഭർത്താവ്,മകൾ: ആദിയ ഷാ. അവരുടെ ഇഷ്ടപ്രകാരം ഭാഷയോ മതമോ നോക്കാതെയാണ് അവർ വിവാഹിതരായത്. 'മാനുഷരെല്ലാരും ഒന്നുപോലെ' എന്ന മഹാബലിയുടെ സന്ദേശം ജീവിതത്തിൽ നടപ്പാക്കിയ വ്യക്തി എന്ന് എനിക്ക് അഭിമാനത്തോടെ പറയാം.



PLAN FOR PEACE OF MIND
Make your choices now
South Park
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com

# ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന ഷേർളി ജോണിന്റെ കാഴ്ചപ്പാടുകൾ



**അഭിമുഖം: മീട്ടു റഹ്മത്ത് കലാം**

അമേരിക്കയിലെ മലയാളി സമൂഹത്തിൽ ആത്മവിശ്വാസമുള്ള നേതൃസാന്നിധ്യമായി അറിയപ്പെടുന്ന ഷേർളി ജോൺ, ഇത്തവണ ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുകയാണ്. അനുഭവങ്ങളുടെ ആഴവും നിലപാടുകളുടെ വ്യക്തതയും ചേർന്നതാണ് ഷേർളി ജോണിന്റെ രാഷ്ട്രീയസാമൂഹിക യാത്ര. സ്ത്രീകളുടെയും യുവാക്കളുടെയും ശബ്ദമാകാനുള്ള അവരുടെ ശ്രമം, ഫോമാ തിരഞ്ഞെടുപ്പിൽ ശ്രദ്ധേയമായ ചർച്ചയാകുന്നു.

## ഒക്ലഹോമ ‘OK‘ എന്ന പേരുപോലെ തന്നെ ‘ഓക്കേ’ ആണോ ജീവിതം?

ഒക്ലഹോമ എന്ന പേരിൽ തന്നെ ‘ഓക്കേ’ ഉണ്ടല്ലോ. ജീവിതവും അങ്ങനെ തന്നെശാന്തം, സ്വച്ഛം, സുന്ദരം. സ്ട്രെസ് തീരെ കുറവാണ്. ഡാലസ്, ഹ്യൂസ്റ്റൺ, ന്യൂയോർക്ക് പോലുള്ള വലിയ നഗരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ ജീവിതത്തിൽ വലിയ ബഹളങ്ങളില്ല. ഒരു ബാലൻസിലാണ് കാര്യങ്ങൾ പോകുന്നത്. റിട്ടയർമെന്റ് ലൈഫ് ആലോചിക്കുന്നവർക്ക് ഏറ്റവും അനു



യോജ്യമായ സ്ഥലമാണിതെന്ന് ഞാൻ പറയും.

### ജന്മനാടും ഭാഷയും കേരളവുമായി ബന്ധം എങ്ങനെ?

എന്റെ കുടുംബം പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിലാണ്. എന്നാൽ ഞാൻ ജനിച്ച് വളർന്നത് ജയ്പൂരിലാണ്. വീട്ടിൽ മലയാളം നിലനിർത്താൻ ശ്രമിക്കുന്നുണ്ട് ഭാഷയും സംസ്കാരവും കൈവിടാതിരിക്കാൻ അതാവശ്യമാണ്.

### ടെലിവിഷൻ രംഗത്തെ അനുഭവം?


ഇന്ത്യയിൽ ഞാൻ സ്കൂൾ ടീച്ചറായിരുന്നു. ജയ്പൂരിലെ ഓൾ ഇന്ത്യ റേഡിയോയിൽ ഒരു പ്രോഗ്രാമിൽ പങ്കെടുത്തതോടെയാണ് മീഡിയ രംഗത്തേക്കുള്ള വഴി തുറന്നത്. കമ്മ്യൂണിക്കേഷൻ സ്കിൽസ് ശ്രദ്ധയിൽപെട്ടതോടെ ആങ്കറിംഗ്, ഹോസ്റ്റിംഗ്, അഭിമുഖങ്ങൾ എന്നീ പ്രോഗ്രാമുകൾ ചെയ്തു. പിന്നീട് ദൂരദർശൻ വരെ എത്തി. 1990കളുടെ അവസാനവും 2000കളുടെ തുടക്കവുമായിരുന്നു ആ കാലഘട്ടം.

### അമേരിക്കയിലേക്കുള്ള കുടിയേറ്റം ഒരു വലിയ തീരുമാനം?

കല്യാണമാണ് അമേരിക്കയിലേക്കുള്ള യാത്രയ്ക്ക് കാരണമായത്. അന്ന് കരിയറിൽ നല്ല അവസരങ്ങൾ ഉണ്ടായിരുന്നെങ്കിലും കുടുംബത്തിനാണ് മുൻഗണന നൽകിയത്. അച്ഛന്റെ വിയോഗത്തിന് ശേഷം അമ്മയുടെയും ഇളയ സഹോദരിയുടെയും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വന്നു. ജീവിതത്തിൽ ചില തീരുമാനങ്ങൾ ഹൃദയംകൊണ്ടാണ് എടുക്കേണ്ടത്.

### അമേരിക്ക പോലൊരു രാജ്യത്തേക്ക് ജീവിതം പറിച്ചുനട്ടപ്പോൾ?

ഇന്ത്യയിലെ സാമൂഹികജീവിതത്തിന് ശേഷം ഇവിടെ വന്നപ്പോൾ ആദ്യം അനുഭവപ്പെട്ടത് നിശ്ശബ്ദതയാണ്. എപ്പോഴും സംസാരിക്കാൻ ആഗ്രഹിക്കുന്ന എന്നെപ്പോലൊരാൾക്ക് അത് ബുദ്ധിമുട്ടായിരുന്നു. വൈസ് പ്രിൻസിപ്പളായി ജോലി ചെയ്തിട്ട് അമേരിക്കയിൽ എത്തിയപ്പോൾ വെറുതെ വീട്ടിൽ ജീവിതം ഒതുങ്ങിപ്പോകുമോ എന്നൊരു ഭയം തുടക്കത്തിൽ ഉണ്ടായി. ഒക്ലഹോമ മലയാളി അസോസിയേഷൻ വഴിയാണ് അമേരിക്കയിലെ സാമൂഹിക ബന്ധം തുടങ്ങിയത്. അതാണ് എന്റെ കരിയർ ട്രാൻസിഷനും സഹായിച്ചത്. ആദ്യം ലഭിച്ച ജോലി നമ്മുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് ചേർന്നതായിരുന്നില്ല. അമേരിക്കയിലെയും






ഇന്ത്യയിലെയും ഇംഗ്ലീഷ് തന്നെ വളരെ വ്യത്യസ്തമാണ്. പതിയെയാണ് കാര്യങ്ങൾ ഒത്തിണങ്ങി വന്നത്. ടെക്നിക്കൽ ട്രെയിനിങ്ങും സ്കിൽ ട്രെയിനിങ്ങും നമ്മുടെ ബെസ്റ്റ് പുറത്തുകൊണ്ടുവരാൻ സഹായിക്കും ഇന്ന് ഒരു സ്റ്റേറ്റ് ഏജൻസിയിൽ സൂപ്പർവൈസർ സ്ഥാനത്താണ് ഞാൻ ജോലി ചെയ്യുന്നത്. ട്രെയിനിങ് തരുന്നതിലായാലും നമ്മൾ സംശയങ്ങൾ ചോദിക്കുമ്പോൾ അത് പറഞ്ഞതിലായാലും ഇവിടുള്ളവർ വളരെ ഫ്രണ്ട്‌ലി ആണ്. ഇന്ത്യക്കാരോട് അവർക്കൊരു പ്രത്യേക ഇഷ്ടമുള്ളതുപോലെ തോന്നിയിട്ടുണ്ട്.

ജോലി ഒരുവശത്തുണ്ടെങ്കിലും നമ്മുടെ വേരുമായി ചേർത്തു നിർത്തുന്നത് ഇവിടുള്ള സംഘടനകളാണ്. ഹിന്ദി, പഞ്ചാബി, ഗുജറാത്തി പോലുള്ള ഭാഷകളും വഴങ്ങുന്നതുകൊണ്ട് ഇവിടുള്ള ഇന്ത്യൻ അസോസിയേഷനുകളിലും സജീവമാണ്.

## സ്ത്രീശാക്തീകരണത്തിൽ താങ്കളുടെ നിലപാട്?

സ്ത്രീകൾക്ക് അവരുടെ ജീവിതത്തെക്കുറിച്ച് തുറന്ന് സംസാരിക്കാനും തീരുമാനിക്കാനും ധൈര്യം വേണം. സാമ്പത്തിക സ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണ്. ‘എംപവർമെന്റ്’ ഒരു വാക്കല്ലഅത് പ്രായോഗികമായി അനുഭവിക്കേണ്ട ശക്തിയാണ്. സ്ത്രീകൾക്ക് വേണ്ടി സംസാരിക്കുന്ന ഒരു ശബ്ദമാകുക എന്നതാണ് എന്റെ ലക്ഷ്യം.

## യുവതലമുറയെക്കുറിച്ച് ആശങ്കയുണ്ടോ?

യുവാക്കൾ നമ്മുടെ ഭാഷയോടും സംസ്കാരത്തോടും ബന്ധം നിലനിർത്തണം. ഇവിടെ ജനിച്ച് വളരുന്ന തലമുറയ്ക്ക് ഇന്ത്യയുമായോ കേരളവുമായോ കാര്യമായ ബന്ധമില്ലെന്നത് ആശങ്ക ഉയർത്തുന്നു. വേരുകളിൽ നിന്ന് അകലുന്നത് നല്ല പ്രവണതയല്ല. ഫോമാ പോലുള്ള സംഘടനകളിൽ യുവാക്കൾക്ക് ശരിയായ ദിശ പകർന്നുനൽകുന്ന പ്ലാറ്റ്ഫോമുകളാകണം. സംസ്കാരവും ആത്മവിശ്വാസവും കൈകോർക്കുന്ന ഒരിടം അവർക്കായി ഒരുങ്ങണം. കരിയറിൽ ഉയരങ്ങൾ കീഴടക്കുമ്പോഴും പുതുതലമുറ വിവാഹത്തെക്കുറിച്ച് ചിന്തിക്കാത്തത് ചർച്ച ചെയ്യേണ്ട വിഷയമാണ്. മനസ്സിനിണങ്ങിയ പങ്കാളിയെ കണ്ടെത്താൻ സാധിക്കാത്തതാണ് അവരെ അലട്ടുന്നതെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഫോമാ പോലുള്ള സംഘടനയുടെ ഭാഗമായിക്കൊണ്ട് സമപ്രായക്കാരായ യുവതീയുവാക്കൾക്ക് തമ്മിൽ കാണാനും മനസ്സിലാക്കാനും അവസരം ലഭിക്കുകയും അതുവഴി നല്ല ബന്ധങ്ങൾ ഉണ്ടാക്കാനും കഴിയുമെന്ന്



ഞാൻ കരുതുന്നു.

### ഒക്ലഹോമ മലയാളി അസോസിയേഷൻആദ്യ വനിതാ പ്രസിഡന്റായ അനുഭവം?

കമ്മിറ്റി അംഗമായും കൾച്ചറൽ കോർഡിനേറ്ററായും പ്രവർത്തിച്ച ശേഷമാണ് പ്രസിഡന്റ് സ്ഥാനത്തെത്തിയത്. അത് ജീവിതത്തിലെ അഭിമാന നിമിഷമായിരുന്നു. പുരുഷാധിപത്യമുള്ള ഒരു രംഗത്ത് വനിതാ നേതൃത്തിന് ലഭിച്ച പിന്തുണ അതിശയിപ്പിച്ചു. എന്റെ ടെന്യൂറിൽ വനിതാ അംഗങ്ങളുടെ പങ്കാളിത്തവും പ്രവർത്തനവും വർധിച്ചുഅത് ഒരു ടീമിന്റെ വിജയം തന്നെയാണ്. ആഞ്ചല ഉമ്മനെപ്പോലെ ഒട്ടേറെപ്പേർ നൽകിയ പിന്തുണ എടുത്തുപറയേണ്ടതാണ്.




### ഏഷ്യൻ അസോസിയേഷൻ ഓഫ് ഒക്ലഹോമയിലെ സെക്രട്ടറി സ്ഥാനം, വ്യത്യസ്ത സംസ്കാരങ്ങളെ ഒരുമിപ്പിക്കുന്നത് എളുപ്പമാണോ?

വെല്ലുവിളികൾ ഉണ്ടാകാറുണ്ട്. പക്ഷേ 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം പ്രാവർത്തികമാക്കുന്നത് എനിക്ക് സന്തോഷം നൽകുന്നു. ഏഷ്യൻ എന്ന് പറയുമ്പോൾ ഇന്ത്യൻ, പാകിസ്ഥാനി, ബംഗ്ലാദേശി, കൊറിയൻ, ഫിലിപ്പീൻസ്, ചൈനീസ്, ജാപ്പനീസ്, മലേഷ്യൻ, ഇറാനിയൻ, നേപ്പാളി എന്നിങ്ങനെ വലിയൊരു വൈവിധ്യമാണ് മുന്നിലുള്ളത്. ഫുഡ് ഫെസ്റ്റിവലുകളും സാംസ്കാരിക പരിപാടികളും വഴി പരസ്പരം അറിയാനും അംഗീകരിക്കാനും കഴിയുന്നു.നമ്മുടെ ലോകവും കാഴ്ചപ്പാടും വിശാലമാകുന്നത് അങ്ങനെ തന്നെയാണ്.

### യുവതികൾക്കും യുവാക്കൾക്കും നൽകുന്ന സന്ദേശം?

ഒന്ന് മാത്രം ഫിനാൻഷ്യൽ ഇൻഡിപെൻഡൻസ്. അതുണ്ടെങ്കിൽ മാത്രമേ സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ കഴിയൂ. അതോടൊപ്പം സ്വന്തം വേരുമായുള്ള ബന്ധം നിലനിർത്തുകഭാഷയും സംസ്കാരവും നമ്മളെ ശക്തരാക്കും

### ഫോമാ തിരഞ്ഞെടുപ്പിൽ വോട്ടർമാരോട് പറയാനുള്ളത്?

സ്ത്രീകളെ ശക്തിപ്പെടുത്താനും യുവാക്കൾക്ക് അവസരങ്ങൾ സൃഷ്ടിക്കാനും ഞാൻ പ്രതിജ്ഞാബദ്ധയാണ്. ഇന്ത്യൻ സംസ്കാരത്തിൽ അഭിമാനം പുലർത്തുന്ന, ആത്മവിശ്വാസമുള്ള ഒരു തലമുറയെ വളർത്താനായി പ്രവർത്തിക്കുമെന്ന് ഈ അവസരത്തിൽ ഉറപ്പുനൽകുന്നു. അതിനാണ് നിങ്ങളുടെ പിന്തുണ അഭ്യർത്ഥിക്കുന്നത്.

### കുടുംബം?

ഭർത്താവ് സാം ജോൺ തന്നെയാണ് ശക്തിയുടെ ഉറവിടം. അദ്ദേഹം നിരവധി പ്രെസ്റ്റീജിയസ് അവാർഡ്സ് ലഭിച്ചിട്ടുള്ള എഞ്ചിനീയറാണ്. ഞങ്ങൾ ഒരുമിച്ചാണ് സംഘടനയിലെ പരിപാടികളിലൊക്കെ പങ്കെടുക്കാറുള്ളത്. ഞങ്ങൾക്ക് നാലുമക്കളാണ്- റെനേ, ജസ്റ്റിൻ, സെയ്ൻ, എലിസ. സംഘപ്രവർത്തനങ്ങളിൽ കുടുംബത്തിന്റെ പൂർണ പിന്തുണയുണ്ട്.




NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS
SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड
प्रोसेसिंग बिलों में
कटौती करें।
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
NRS PAY
nrspay.com
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# KEAN കൈമാറ്റ ചടങ്ങും എഞ്ചിനീയർ വാരവും ആവേശകരമായി ആഘോഷിച്ചു



KEAN കൈമാറ്റ ചടങ്ങും എഞ്ചിനീയർ വാരാഘോഷവും ഫെബ്രുവരി 28-ന് വെസ്റ്റ്ഫീൽഡ് കാസ ഡെൽ റേ, റോസെല്ലെ പാർക്ക്, ചഖ യിൽ അനേകം എന്ജിനീഴ്സിന്റെയും വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ ആവേശകരമായി ആഘോഷിച്ചു. യോഗത്തിൽ മുൻ പ്രസിഡന്റ് നീന സുധീർ അദ്ധ്യക്ഷത വഹിച്ചു.

കേരള എൻജിനീയേഴ്സ് അസോസിയേഷൻ ഓഫ് നോർത്ത് ഈസ്റ്റ് അമേരിക്ക (KEAN) അതിന്റെ 2026-ലെ പ്രവർത്തനങ്ങൾക്ക് ഫെബ്രുവരി 28-ന് ഔദ്യോഗികമായി തുടക്കം കുറിച്ചു. കഴിഞ്ഞ വർഷത്തെ നാഴികക്കല്ലുകൾ ആഘോഷിക്കാനും ഭാവിയിലേക്കുള്ള ഒരു അഭിലാഷ റോഡ്മാപ്പ് പ്രിവ്യൂ ചെയ്യാനും ഈ അവസരം അംഗങ്ങൾ ഉപയോഗിച്ചു

പ്രസിഡന്റ് നീന സുധീറിന്റെ നേതൃത്വത്തിലുള്ള ഔട്ട്ഗോയിംഗ് കമ്മിറ്റി 2025 ലെ നേട്ടങ്ങളെയും സാമ്പത്തിക ആരോഗ്യത്തെയും കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് അവതരിപ്പിച്ചതോടെയാണ് സായാഹ്നം ആരംഭിച്ചത്. ഔപചാരികമായ കൈമാറ്റത്തെത്തുടർന്ന്, 2026 എക്സിക്യൂട്ടീവ് ടീം, പ്രസിഡന്റ് ജേക്കബ് ജോസഫിന്റെ നേതൃത്വത്തിൽ ഔദ്യോഗികമായി ചുമതലയേറ്റു.

**2026 എക്സിക്യൂട്ടീവ് കമ്മിറ്റി:**

പ്രസിഡന്റ്: ജേക്കബ് ജോസഫ്

ജനറൽ സെക്രട്ടറി: സോബി സുരേന്ദ്രൻ

ട്രഷറർ: നിധിൻ ജോയ് ആലപ്പാട്ട്

വൈസ് പ്രസിഡന്റ്: ഡോ. സിന്ധു സുരേഷ്

ജോയിന്റ് സെക്രട്ടറി: ടീന സുരേന്ദ്രൻ

ജോയിന്റ് ട്രഷറർ: ഗിൽസ് ജോസഫ്

എക്സ്-ഓഫീഷ്യോ: നീന സുധീർ






**2026-ലെ ഉപസമിതി അധ്യക്ഷന്മാർ:**

പ്രൊഫഷണൽ കാര്യങ്ങൾ: ശരത് കൃഷ്ണൻ

സാമൂഹിക സാംസ്കാരിക കാര്യങ്ങൾ: ഹൃദ്യ ഉണ്ണികൃഷ്ണൻ

വാർത്താ-കത്തും പ്രസിദ്ധീകരണവും: കിരൺ ജെയിംസ്

പൊതുകാര്യങ്ങൾ: ജെയ്സൺ അലക്സ്

സ്കോളർഷിപ്പ് & ചാരിറ്റി അഫയേഴ്സ്: കോശി പ്രകാശ്

പബ്ലിക് റിലേഷൻസ്: ഫിലിപ്പോസ് ഫിലിപ്പ്

സ്റ്റുഡൻറ് ഔട്രീച് : ഷീന ഖുർഷിദ്

2026 Regional Vice Presidents:

വെസ്റ്റ്ചെസ്റ്റർ ആൻഡ് റോക്‌ലാൻഡ് : ജേക്കബ് ഫിലിപ്

ന്യൂ ജേഴ്‌സി : ദയാ ശ്യാം

ന്യൂ യോർക്ക് സിറ്റി, ലോങ്ങ് ഐലൻഡ് ആൻഡ് ക്യൂഇൻസ് : ജോസഫ് ഫിലിപ്പ്

കഴിഞ്ഞ 17 വർഷമായി സലമി മികച്ച പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. സാമ്പത്തികമായി പിമ്പോട്ട് നിൽക്കുന്ന 170 -ഓളം എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കാണ് കീൻ ഇതുവരെയും പാനൽ ചർച്ച:സ്കോളർഷിപ് നൽകിയിരിക്കുന്നത്. കൂടാതെ മെന്ററിങ്, ടെക്നിക്കൽ വർക്ക് ക്ഷോപ്പുകൾ, ജോബ് പ്ലേസ്മെന്റ്സ് തുടങ്ങി അനേകം പരിപാടികൾക്ക് കീൻ നേതൃത്വം നൽകുന്നു. സേവനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടം എഞ്ചിനീർസി ന്റെ നിസ്വാർഥ സേവനമാണ് കീൻന്റെ വിജയ രഹസ്യം.





കൈമാറ്റ ചടങ്ങിനോടനുബന്ധിച്ചു നടന്ന എഞ്ചിനീയർ വാരാഘോഷം ഏറെ ശ്രദ്ധ ആകർഷിച്ചു. അക യുടെ ഭാവി എന്നതിനെ കുറിച്ച് നടന്ന പാനൽ ചർച്ച വളരെയധികം പ്രചോദനം ഉണർത്തി. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പരി




വർത്തന ശക്തിയെ പര്യവേക്ഷണം ചെയ്യുന്ന ഒരു പാനൽ ചർച്ചയായിരുന്നു ഇവന്റിന്റെ പ്രധാന ഹൈലൈറ്റ്. അജിത് ചിറയിൽ മോഡറേറ്ററായ ഈ പാനലിൽ വ്യവസായ പ്രമുഖരുടെ പവർ ഹൗസ് ലൈനപ്പ് ഉണ്ടായിരുന്നു:

ലക്ഷ്മിൻ ഉപാധ്യ (ടെക്നോളജി ഹെഡ്, ടെക്നോളജി മേധാവി, എസ് & പി ഗ്ലോബൽ)





സന്തോഷ് കുമാർ (ചീഫ് ഗ്രോത്ത് ഓഫീസർ, 3 അനലിറ്റിക്സ്)

സെന്തിൽ കുമാർ (പ്രിൻസിപ്പൽ സൊല്യൂഷൻസ് ആർക്കിടെക്റ്റ്, മൈക്രോസോഫ്റ്റ്)

ശരത് കൃഷ്ണൻ (സീനിയർ ജെൻഎഐ/എംഎൽ സൊല്യൂഷൻസ് ആർക്കിടെക്റ്റ്, എ.ഡബ്ല്യുഎസ്) തുടങ്ങിയവർ വിശദമായി സംസാരിക്കുകയും ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

വളരെ ആകർഷകമായിരുന്ന ഈ ചർച്ചയിൽ കാണികൾ വളരെ സജീവമായി പങ്കെടുത്തു. , ഷെഡ്യൂൾ ചെയ്ത സമയത്തിനപ്പുറത്തേക്ക് നീണ്ട ചർച്ച, ആഗോള കോർപ്പറേഷനുകളെ യും സ്റ്റാർട്ടപ്പുകളെയും സേവന വ്യവസായങ്ങളെയും എഐ എങ്ങനെ പുനർ നിർമ്മി ക്കുന്നു വെന്ന് പ്രേക്ഷകർ ആഴത്തിൽ മനസ്സിലാക്കി. മത്സരാധിഷ്ഠിതമായി നിലനിർത്താൻ വിവിധ മേഖലകൾ ഈ സാങ്കേതികവിദ്യകൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എ ന്നതിനെക്കുറി ച്ചുള്ള അപൂർവ ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്തുകൊണ്ട് പാനലിസ്റ്റുകൾ എഐ ദത്തെടുക്കലിനെക്കുറിച്ചുള്ള ഒരു മാസ്റ്റർക്ലാസ് നൽകി.

ഈ അ ക സെമിനാർ ധാരാളം വ്യവസായ പ്രൊഫഷണലുകളെയും സാങ്കേതിക താൽപ്പര്യക്കാരെയും ഒരുമിച്ച് കൊണ്ടുവന്ന ഒരു വേദി ആയി മാറി.

കീൻ ജനറൽ സെക്രട്ടറി സോബി സുരേന്ദ്രൻ സെമിനാറിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

കൂടുതൽ വിവരങ്ങൾക്ക്,

keanusa.org

പ്രസിഡന്റ്: ജേക്കബ് ജോസഫ്


ജനറൽ സെക്രട്ടറി:

സോബി സുരേന്ദ്രൻ

ട്രഷറർ:

നിധിൻ ജോയ് ആലപ്പാട്ട്




Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.



# ഇറാൻ യുദ്ധത്തിന്റെ ലക്ഷ്യം എങ്ങനെ കൈവരിക്കും?

**മൊയ്തീൻ പുത്തൻചിറ**

'ഏറ്റവും കൂടുതൽ നുണകൾ പറയപ്പെടുന്നത് തിരഞ്ഞെടുപ്പിന് മുമ്പും, യുദ്ധ സമയത്തും, വേട്ടയാടലിനുശേഷവുമാണ്' എന്ന് പറയാറുണ്ട്. ഏതാണ്ട് അതേ അവസ്ഥയാണ് ഇപ്പോൾ ഇറാൻ യുദ്ധത്തിലും കാണുന്നത്.

'യുദ്ധം ആരംഭിച്ചത് അമേരിക്കയല്ല, പക്ഷെ അമേരിക്ക അത് അവസാനിപ്പിക്കും' എന്ന യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് പെന്റഗണിൽ നടത്തിയ പത്രസമ്മേളനത്തിൽ നിന്നുതന്നെ തുടങ്ങാം. യുഎസും ഇസ്രായേലും പകൽ സമയത്ത് ആക്രമണം നടത്തി ഒരു പരമാധികാര രാഷ്ട്രത്തിന്റെ പരമോന്നത നേതാവിനെ കൊലപ്പെടുത്തിയത് ലോകം മുഴുവൻ കണ്ടു. അതേസമയം, ഇറാനെ ആക്രമിക്കാൻ പദ്ധതിയിടുന്നതായി തങ്ങൾക്ക് വിവരവും ലഭിച്ചിട്ടുണ്ടായിരുന്നില്ലെന്ന് പെന്റഗൺ യുഎസ് കോൺഗ്രസിൽ പറഞ്ഞതായി റിപ്പോർട്ടുകളും പുറത്തുവന്നു. അതിനർത്ഥം പെന്റഗൺ കോൺഗ്രസിനോട് ഒരു കാര്യവും പെന്റഗൺ മേധാവി മാധ്യമങ്ങളോട് മറ്റെന്തെങ്കിലും പറയുകയും ചെയ്തു എന്നാണ്!

അതുപോലെ, ആക്രമണം തുടങ്ങിയിട്ടേയുള്ളൂവെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ ആക്രമണമായിരിക്കും അതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, പ്രതിരോധ സേനാ മേധാവി മുതൽ മറ്റ് പ്രതിരോധ വിദഗ്ധർ വരെയുള്ള എല്ലാവരും അമേരിക്കയുടെ മിസൈൽ, ആയുധ ശേഖരം അതിവേഗം കുറഞ്ഞുവരുന്നതിൽ ആശങ്കാകുലരാണെന്ന് പെന്റഗണിൽ നിന്നു തന്നെയുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മിസൈലുകളും മറ്റ് ആയുധങ്ങളും നശിപ്പിക്കപ്പെടുന്നത്ര വേഗത്തിൽ നിർമ്മിക്കാൻ കഴിയാത്തതിനാലാണ് യുഎസ് പ്രതിരോധ മേഖലയിലെ ഈ ആശങ്ക. ഒരു പുതിയ യുദ്ധമുന്നണി തുറന്നാലോ അല്ലെങ്കിൽ ഉത്തര കൊറിയയിൽ നിന്നോ ചൈനയിൽ നിന്നോ അമേരിക്കയെ പ്രതികരിക്കാൻ നിർബന്ധിതരാക്കുന്ന എന്തെങ്കിലും സംഭവിച്ചാലോ എന്ത് സംഭവിക്കുമെന്നതാണ് ഈ ആശങ്കയുടെ ഒരു വശം? എന്നിട്ടും, ട്രംപ് ഏറ്റവും വലിയ ആക്രമണത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.



ആവശ്യമെങ്കിൽ ഇറാനിയൻ

**2025 ജൂണിലെ ആക്രമണങ്ങൾക്ക് ശേഷം, ഇറാന്റെ ആണവ കേന്ദ്രങ്ങൾ അപ്പാടെ 'നശിപ്പിക്കപ്പെട്ടു' എന്ന പ്രസിഡന്റ് ട്രംപിന്റെ പ്രസ്താവന ലോകം മുഴുവൻ കണ്ടതും കേട്ടതുമാണ്. സാറ്റലൈറ്റ് ചിത്രങ്ങൾ സഹിതം തെളിവുകളും നൽകിയിരുന്നു. പിന്നെ വെറും എട്ട് മാസത്തിനുള്ളിൽ ഇറാനിൽ ആണവ കേന്ദ്രങ്ങൾ എങ്ങനെ പ്രവർത്തനക്ഷമമായി? അപ്പോൾ അതും നുണയായിരുന്നോ?**



മണ്ണിൽ യുഎസ് സൈനികരെ ഇറക്കുമെന്നു പോലും ട്രംപ് പറഞ്ഞു. അമേരിക്കയുടെ കരസേനയെ വിന്യസിക്കാൻ എപ്പോഴും വിസമ്മതിച്ചിട്ടുള്ള മുൻ പ്രസിഡന്റുമാരെപ്പോലെയല്ല താനെന്നാണ് അദ്ദേഹം അതിനെ ന്യായീകരിച്ചത്. ആരും വിശ്വസിക്കാത്ത ഒരു കാര്യമാണ് ട്രംപ് പറഞ്ഞത്. ഇറാനിൽ കരസേനയെ ഇറക്കുന്നത് യുഎസിന് വളരെ ബുദ്ധിമുട്ടുള്ള തീരുമാനമായിരിക്കും. കാരണം, ഒന്നാമതായി ഇറാന് 1.1 ദശലക്ഷത്തിലധികം പേരുടെ സുസംഘടിതമായ ഒരു സൈന്യമുണ്ട്, അതിൽ 200,000 പരിശീലനം ലഭിച്ച കഞഏഇ കമാൻഡോകളും ഉൾപ്പെടുന്നു. മൂന്നാമതായി, ഇറാൻ 90 ദശലക്ഷത്തിലധികം ജനസംഖ്യയുള്ള ഒരു രാജ്യമാണ്. നാലാമതായി, അതിന്റെ ഭൂമിശാസ്ത്രപരമായ അതിരുകൾ വളരെ വിശാലമാണ്.

ഇസ്രായേലിനേക്കാൾ 70 മടങ്ങ് വലിപ്പമുള്ള ഒരു രാജ്യമാണ് ഇറാൻ. അഞ്ചാമതായി, ഇറാന് നീണ്ട പർവതനിരകളും അപ്രാപ്യമായ വിശാലമായ ഭൂപ്രകൃതിയും ഉണ്ട്. ഗാസ പോലുള്ള ഒരു ചെറിയ പ്രദേശത്ത് രണ്ട് വർഷമായി യുദ്ധം തുടരുകയും സ്ത്രീകളും കുട്ടികളുമടക്കം 70,000 പേരെ കൊന്നൊടുക്കുകയും ചെയ്തിട്ടും ഗാസയെ കീഴ്പെടുത്താൻ ഇസ്രായേലിന് കഴിഞ്ഞിട്ടില്ല എന്നതും ഓർക്കണം. ഇസ്രായേലിനും മെഡിറ്ററേനിയൻ കടലിനും ഇടയിലുള്ള ഒരു ഭൂപ്രദേശമാണ് ഗാസ. രണ്ട് വർഷമായി അവിടെ പോരാട്ടം അവസാനിക്കാതെ തുടരുമ്പോൾ, ഇറാൻ പോലുള്ള വിശാലവും ജനസംഖ്യയുള്ളതുമായ ഒരു രാജ്യത്ത് യുഎസ് സൈന്യത്തെ എങ്ങനെ ഇറക്കാൻ കഴിയും? അപ്പോൾ, ഇറാനിയൻ സൈന്യത്തെ ഭയപ്പെടുത്താനും ജനങ്ങളെ കലാപത്തിന് പ്രേരിപ്പിക്കാനും ഉദ്ദേശിച്ചാണ് ഈ നുണ പറഞ്ഞതെന്ന് തോന്നുന്നു.

ചർച്ചകളുടെ പരാജയം കൊണ്ടല്ല, മറിച്ച് അവയുടെ വിജയം കൊണ്ട് ചരിത്രത്തിൽ നടക്കുന്ന ആദ്യത്തെ യുദ്ധമാകാം ഇത്. ഇറാനും അമേരിക്കയും തമ്മിലുള്ള ചർച്ചകൾക്ക് മധ്യസ്ഥത വഹിക്കുന്ന ഒമാൻ വിദേശകാര്യ മന്ത്രി ബദർ ബിൻ ഹമദ് അൽ-ബുസൈദി ഫെബ്രുവരി 28 ന് ഇരു രാജ്യങ്ങളും തമ്മിലുള്ള ചർച്ചകൾ അവസാനഘട്ടത്തിലാണെന്നും, ഒരു കരാറിന്റെ ലക്ഷ്യം കൈവരിക്കാനാകുമെന്നും പറഞ്ഞിരുന്നു. ഒരിക്കലും ആണവ ബോംബ് നിർമ്മിക്കില്ലെന്ന് ഇറാൻ ഉറപ്പ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞിരുന്നു. അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ (IAEA) ഒരു സംഘത്തെ അവരുടെ ആണവ കേന്ദ്രങ്ങൾ സന്ദർശിക്കാനും പരിശോധിക്കാനും അനുവദിക്കാനും ഇറാൻ സമ്മതിച്ചിട്ടുണ്ടെന്നും ഒമാൻ വിദേശകാര്യ മന്ത്രി അമേരിക്കയെ അറിയിക്കുകയും ചെയ്തിരുന്നു. പക്ഷെ, ബുസൈദിയുടെ പ്രസ്താവനയ്ക്ക് തൊട്ടുപിന്നാലെ, യുഎസും ഇസ്രായേലും സംയുക്ത ആക്രമണം ആരംഭിച്ചു. അതുപോലെ, കഴിഞ്ഞ വർഷം ജൂണിൽ, പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇറാന് നടപടിയെടുക്കാൻ 14 ദിവസത്തെ സമയം നൽകിയിരുന്നു. എന്നാൽ, ആ 14 ദിവസത്തിന് കാത്തുനിൽക്കാതെ മൂന്നാം ദിവസം തന്നെ ആക്രമണം ആരംഭിച്ചു.

2026 ഫെബ്രുവരിയിലെ ആക്രമണത്തിൽ ലക്ഷ്യങ്ങൾ എങ്ങനെ മാറിയെന്നു കാണുന്നതും രസകരമാണ്. തുടക്കത്തിൽ, ഇറാന്റെ ആണവ കേന്ദ്രങ്ങൾ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആക്രമണം നടത്തിയതെന്നാണ് പ്രസിഡന്റ് ട്രംപ് പ്രസ്താവിച്ചത്. ഇവിടെയാണ് പ്രസക്തമായ ഒരു ചോദ്യം ഉയർത്തുന്നത്: 2025

ജൂണിലെ ആക്രമണങ്ങൾക്ക് ശേഷം, ഇറാന്റെ ആണവ കേന്ദ്രങ്ങൾ അപ്പാടെ 'നശിപ്പിക്കപ്പെട്ടു' എന്ന പ്രസിഡന്റ് ട്രംപിന്റെ പ്രസ്താവന ലോകം മുഴുവൻ കണ്ടതും കേട്ടതുമാണ്. സാറ്റലൈറ്റ് ചിത്രങ്ങൾ സഹിതം തെളിവുകളും നൽകിയിരുന്നു. പിന്നെ വെറും എട്ട് മാസത്തിനുള്ളിൽ ഇറാനിൽ ആണവ കേന്ദ്രങ്ങൾ എങ്ങനെ പ്രവർത്തനക്ഷമമായി? അപ്പോൾ അതും നുണയായിരുന്നോ? ഇപ്പോൾ യുദ്ധം ആരംഭിച്ചതിനുശേഷം, ഇറാനിലെ ഭരണകൂടത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ആക്രമണം നടത്തിയതെന്നു പറയുന്നു. അതിനർത്ഥം ആണവ കേന്ദ്രങ്ങൾ നശിപ്പിക്കുകയല്ല, ഭരണകൂടത്തെ അട്ടിമറിക്കുക എന്നതായിരുന്നു ലക്ഷ്യം...? അത് മറ്റൊരു നുണ.



ഇനി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ പ്രസ്താവന തന്നെ എടുക്കാം. അദ്ദേഹം ആഹ്ലാദത്തോടെ പറഞ്ഞു: 'ഈ സംയുക്ത പരിശ്രമം കഴിഞ്ഞ 40 വർഷമായി ഞാൻ നേടാൻ ആഗ്രഹിച്ചതാണ്. ഭീകര ഭരണകൂടത്തെ പൂർണ്ണമായും തകർക്കുക. അതാണ് എന്റെ വാഗ്ദാനവും സംഭവിക്കാൻ പോകുന്നതും.' ആ നാല് പതിറ്റാണ്ടുകൾ, ടെഹ്റാൻ ഒരു ആണവ ബോംബ് വികസിപ്പിക്കുന്നതിന് മാസങ്ങൾ മാത്രം അകലെയാണെന്ന നെതന്യാഹുവിന്റെയും മറ്റ് ഇസ്രായേലി നേതാക്കളുടെയും അനന്തമായ മുന്നറിയിപ്പുകളുടെ കാലഘട്ടമായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. ഇറാനെ ആക്രമിക്കുന്നതിനായി നെതന്യാഹു ഇക്കാലമത്രയും ഇതേ അർത്ഥശൂന്യമായ കാരണമാണ് പറഞ്ഞുകൊണ്ടിരുന്നത്. കഴിഞ്ഞ 40 വർഷമായി, 'ഭ്രാന്തൻ മുല്ലമാർ' ഒരു ബോംബ് (ഒരിക്കലും യാഥാർത്ഥ്യമാകാത്ത ഒരു ബോംബ്) നിർമ്മിക്കുന്നത് തടയാനുള്ള അവസാന അവസരമായി എല്ലാ വർഷവും പ്രഖ്യാപിക്കപ്പെട്ടു. വിരോധാഭാസമെന്നു പറയട്ടേ ഇക്കാലമത്രയും, ഇസ്രായേലിന്റെ സ്വന്തം ആണവായുധ ശേഖരം, പ്രഖ്യാപിക്കപ്പെടാത്തതും അതിനാൽ നിരീക്ഷിക്കപ്പെടാത്തതും, ഒരു പരസ്യമായ രഹസ്യമായി തുടരുകയാണ്.

ഇനി ആദ്യത്തെ ചോദ്യം – ഇറാനിൽ അധികാരം മാറേണ്ടതിന്റെ ആവശ്യകത എന്തായിരുന്നു? ഉത്തരം ലളിതമാണ്, പശ്ചിമേഷ്യയിലെ ഭൗമരാഷ്ട്രീയ സ്ഥിതി ശാശ്വതമായി മാറ്റാൻ അമേരിക്ക ആഗ്രഹിക്കുന്നു എന്നതാണ്. സ്ഥിരതയുള്ള ശക്തിയും സൈനിക ശക്തിയുമുള്ള ഒരേയൊരു ശക്തമായ രാജ്യമായ ഇറാനെ ഇല്ലാതാക്കാൻ ഇസ്രായേൽ ആഗ്രഹിക്കുന്നു. അതിന് അമേരിക്കയെ കൂട്ടുപിടിക്കുന്നു. ഇറാഖിൽ സദ്ദാം ഹുസൈൻ കൂട്ട നശീകരണ ആയുധങ്ങൾ (Weapons of mass destruction) നിർമ്മിച്ചിട്ടുണ്ടെന്ന അവകാശ വാദം ഉന്നയിച്ചുകൊണ്ടാണല്ലോ ഇറാഖ് നശിപ്പിക്കപ്പെട്ടതും സദ്ദാം ഹുസൈനെ തൂക്കിലേറ്റിയതും. അതും നെതന്യാഹു പറഞ്ഞത് വിശ്വസിച്ചായിരുന്നു. ലിബിയയിൽ ആഭ്യന്തര കലഹമുണ്ടാക്കി ഗദ്ദാഫിയെ വകവരുത്തി, അസദിന്റെ സിറിയയും നശിപ്പിക്കപ്പെട്ടു. ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ അട്ടിമറിക്കപ്പെട്ടാൽ, പശ്ചിമേഷ്യയിലെ ഏക സൂപ്പർ പവർ ഇസ്രായേൽ മാത്രമായിരിക്കും. അതാണ് ബെഞ്ചമിൻ നെതന്യാഹു കഴിഞ്ഞ 40 വർഷമായി സ്വപ്നം കണ്ടുകൊണ്ടിരുന്നത്. അതിനാൽ, ഈ യുദ്ധം നിസ്സംശയമായും ഇസ്രായേൽ നിശ്ചയിച്ചിട്ടുള്ള ഒരു വലിയ ലക്ഷ്യത്തിനു വേണ്ടിയാണ്.

ഇനി രണ്ടാമത്തെ ചോദ്യം – അധികാരം എങ്ങനെ മാറ്റപ്പെടും എന്നതാണ്? വ്യോമാക്രമണങ്ങൾക്ക് നേതാക്കളെയും ചില സൈനിക കമാൻഡർമാരെയും കൊല്ലാനോ കെട്ടിടങ്ങൾ നശിപ്പിക്കാനോ കഴിഞ്ഞേക്കാം. അതുകൊണ്ട് മാത്രം അധികാര മാറ്റത്തിലേക്ക് നയിക്കില്ല. അധികാര മാറ്റത്തിന് രണ്ട് മാതൃകകളുണ്ട്: ഒന്നുകിൽ യുഎസ് കരസേനയെ വിന്യസിക്കുകയും ഇറാന്റെ എല്ലാ സൈനിക കമാൻഡർമാരെയും ഗാർഡിയൻ കൗൺസിൽ അംഗങ്ങളെയും മതനേതാക്കളെയും കൊല്ലുക. അല്ലെങ്കിൽ അവരെ ബന്ദികളാക്കുകയും പിന്തുണയ്ക്കുന്ന ഒരാളെ അവരോധിക്കുകയും ചെയ്യുക. ഇറാഖിൽ അതാണല്ലോ ചെയ്തത്. രണ്ടാമത്തെ മാതൃക ലിബിയയുടെയും സിറിയയുടെയുമാണ്. ഈ രാജ്യങ്ങളിൽ ഇതിനകം തന്നെ സായുധ സംഘടനങ്ങൾ ഉണ്ടായിരുന്നു. സിറിയയിൽ, 2012 മുതൽ ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ടിരുന്നു. അതിനാൽ, യുഎസിന് അവിടെ സൈന്യത്തെ വിന്യസിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

2025 നവംബറിൽ, ഹയാത്ത് തഹ്‌രീർ അൽ-ഷാം വിമത ഗ്രൂപ്പിന്റെ മുൻ നേതാവും സിറിയൻ ഇടക്കാല നേതാവുമായ അഹമ്മദ് അൽ-ഷറയെ പ്രസിഡന്റ് ട്രംപ് വൈറ്റ് ഹൗസിൽ ആതിഥ്യമരുളിയിരുന്നു. സിറിയൻ പ്രസിഡന്റ് ബഷർ അൽ-അസദിനെ അട്ടിമറിച്ച ഗ്രൂപ്പിന്റെ തലവനായിരുന്നു അൽ-ഷറ. അമേരിക്കയുടെ ബദ്ധശത്രുവായ അൽ-ഖയ്ദയുടെ അനുഭാവിയായിരുന്ന അൽ-ഷറയെ പിടികൂടുന്നവർക്ക് 10 മില്യൺ ഡോളറാണ് അമേരിക്ക പാരിതോഷികം പ്രഖ്യാപിച്ചിരുന്നതെന്നോർക്കണം. ആ ഭീകരനെയാണ് ഇരുകൈകളും നീട്ടി ട്രംപ് സ്വീകരിച്ചതും വൈറ്റ് ഹൗസിൽ വിരുന്നൊരുക്കിയതും! അസദിനു ശേഷമുള്ള സിറിയയുടെ സ്ഥിരതയെ പിന്തുണയ്ക്കുന്നതിനായി അൽ-ഷറയുടെ തീവ്രവാദ പദവികളും ഉപരോധങ്ങളും നീക്കം ചെയ്തതോടെ, ആ ചരിത്രപരമായ കൂടിക്കാഴ്ച യുഎസ് നയത്തിലെ ഒരു മാറ്റമായി അടയാളപ്പെടുത്തി. ബഷർ അൽ-അസദിനെ അട്ടിമറിച്ച സഖ്യത്തെ നയിച്ചതിൽ അൽ-ഷറയുടെ പങ്ക് അംഗീകരിച്ചുകൊണ്ട്, 'ശക്തമായ ഭൂതകാലമുള്ള' ഒരു 'ശക്തനായ നേതാവായി' അൽ-ഷറയെ ട്രംപ് വിശേഷിപ്പിക്കുകയും ചെയ്തു.

എന്നാൽ, ഇറാനിൽ ഈ മാതൃക പ്രവർത്തിക്കില്ല. കാരണം, അവിടെ സായുധ കലാപമില്ല, ഒരു സായുധ സംഘവും സർക്കാരിനെതിരെ പോരാടുന്നില്ല. സാധാരണക്കാരാണ് പോരാടുന്നത്. അത് അവരുടെ മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടമാണ്. അപ്പോൾ, ഭരണമാറ്റം എങ്ങനെ സംഭവിക്കും എന്നതാണ് വലിയ ചോദ്യം. മാത്രമല്ല, ഭരണകൂടം മാറിയില്ലെങ്കിൽ, അത്തരമൊരു മുഖഭാവത്തോടെ അമേരിക്ക എങ്ങനെ യുദ്ധത്തിൽ നിന്ന് പുറത്തുവരും? അതിന് ട്രംപ് കണ്ടുപിടിച്ച മാർഗമാണ് ഇറാനിൽ ആഭ്യന്തര കലഹമുണ്ടാക്കുക... എന്നാൽ അതും പരാജയപ്പെട്ടു.

ഇറാൻ ഭരണകൂടത്തോട് എതിർപ്പുള്ള ഇറാഖിലെ കുർദുകളുടെ പിന്തുണ തേടുകയാണ് ഇപ്പോൾ ട്രംപ് ഭരണകൂടം ചെയ്യുന്നത്. ഈ സംഘത്തിൽ ആയുധ പരിശീലനം നേടിയ ആയിരക്കണക്കിന് പേരുണ്ടെന്നാണ് പറയപ്പെടുന്നത്. ഇറാഖിലെ മൂന്ന് കുർദിഷ് ഉദ്യോഗസ്ഥരുമായി കഴിഞ്ഞ ദിവസം ട്രംപ് ഫോണിൽ സംസാരിച്ചതായും റിപ്പോർട്ടുകളുണ്ട്.

കുർദ് സംഘങ്ങളെ ഇറാനിൽ യുദ്ധത്തിനിറക്കാനാണ് ട്രംപിൻറെ നീക്കം. ഇറാനിലെ കുർദിഷ് സംഘങ്ങളെ സൈനികമായി സഹായിക്കാൻ ഇറാഖിലെ ഉദ്യോഗസ്ഥരോട് ട്രംപ് ആവശ്യപ്പെട്ടുവെന്നും റിപ്പോർട്ടുകളുണ്ട്.

ഇറാനിലെ കുർദിഷ് സംഘത്തിൽപ്പെട്ടവർക്ക് ആയുധ വിതരണം നടത്തുന്ന കാര്യം പെന്റഗൺ പരിഗണിക്കുന്നുവെന്ന റിപ്പോർട്ടുകളും പുറത്ത് വന്നിരുന്നു. എന്നാൽ, വിഷയത്തിൽ യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് പ്രതികരിച്ചു. ഏതെങ്കിലും പ്രത്യേക സംഘത്തിന് ആയുധം നൽകാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ, അടുത്ത പത്ത് ദിവസങ്ങൾക്കുള്ളിൽ ഇറാനിലേക്ക് കടക്കാൻ തങ്ങളുടെ സംഘം സജ്ജമാണെന്ന് ഇറാഖിലെ കുർദിഷ് നേതാക്കളിലൊരാൾ പറഞ്ഞതായി മിഡിൽ ഈസ്റ്റിലെ തന്നെ ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇറാനെതിരെ കുർദിഷ് സംഘം പോരാട്ടത്തിന് ഇറങ്ങുകയാണെങ്കിൽ അത് കരയിൽ പോരാട്ടത്തിനിറങ്ങുന്ന ആദ്യ സംഘമാകും എന്നതിൽ സംശയമില്ല. ഭീകര സംഘടനയായ ഐഎസിനെതിരെ പോരാടിയ ചരിത്രമുള്ള സംഘമാണ് കുർദ്. മാത്രമല്ല, ഇറാനിലെ മതഭരണകൂടത്തിനെതിരെയും ഷാ ഭരണത്തിനെതിരെയും കുർദുകൾ നേരത്തെ രംഗത്തിറങ്ങിയിട്ടുണ്ട്.

പശ്ചിമേഷ്യയിലെ ഒരു വലിയ ജനവിഭാഗമാണ് കുർദ്. അവർക്ക് സ്വന്തമായി ഒരു രാജ്യമില്ല. പല രാജ്യങ്ങളിലായാണ് അവർ ജീവിക്കുന്നത്. വിവിധ രാജ്യങ്ങളിൽ വലിയ ജനസംഖ്യ കുർദിഷ് ജനവിഭാഗത്തിൽപ്പെട്ടവരുണ്ട്. തുർക്കിയെ, ഇറാൻ, ഇറാഖ്, സിറിയ എന്നിങ്ങനെയുള്ള അറേബ്യൻ രാജ്യങ്ങളിലാണ് അവർ കൂടുതലായുമുള്ളത്. ലോകത്താകമാനം 3 മുതൽ 4 കോടി വരെ കുർദിഷ് ജനതയിൽപ്പെട്ടവരുണ്ടെന്നാണ് പറയപ്പെടുന്നത്.

വിവിധ രാജ്യങ്ങളിലായാണ് അവർ കഴിയുന്നതെങ്കിലും അവർക്ക് അവരുടേതായ ഭാഷയും സംസ്കാരവും ഉണ്ട്. സ്വന്തമായൊരു രാജ്യത്തിന് വേണ്ടി അവരുടെ മുറവിളികൾ മുഴങ്ങുന്നുണ്ട്. ഇറാനിലെ മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തോളം കുർദ് വിഭാഗത്തിൽ നിന്നുള്ളവരാണ്.

വിവിധ സംഘടനകളും ഇവർക്കിടയിൽ പ്രവർത്തിക്കുന്നുണ്ട്. ഇറാനിൽ തന്നെ കെഡിപിഐ (കുർദിസ്ഥാൻ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇറാൻ), പിഎകെ (കുർദിസ്ഥാൻ ഫ്രീഡം പാർട്ടി), പിജെഎകെ (കുർദിസ്ഥാൻ ഫ്രീ ലൈഫ് പാർട്ടി) എന്നിങ്ങനെയുള്ള സംഘടനകളാണുള്ളത്.

പുറത്തുനിന്ന് ആസൂത്രണം ചെയ്ത ഭരണ മാറ്റത്തിന്റെ അനന്തരഫലങ്ങൾ ലോകം കണ്ടിട്ടുള്ളതാണ്. അത്തരം പരീക്ഷണങ്ങൾ എല്ലായ്പ്പോഴും പരാജയപ്പെട്ടിട്ടുണ്ട്, അവ ശ്രമിച്ചിടത്തെല്ലാം അക്രമവും അസ്ഥിരതയും വർദ്ധിച്ചിട്ടുമുണ്ട് (അഫ്ഗാനിസ്ഥാൻ ഉദാഹരണം). അതിനാൽ, അമേരിക്ക പശ്ചിമേഷ്യയിൽ മറ്റൊരു ഇറാഖ് സൃഷ്ടിച്ച് രാജ്യം വിടുമെന്നുറപ്പാണ്. മറുവശത്താകട്ടേ, ഇറാൻ മുഴുവനും വിവിധ ഗ്രൂപ്പുകൾ തമ്മിലുള്ള സായുധ സംഘട്ടന മേഖലയായി മാറുകയും ചെയ്യും.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ജോൺ ഇളമതയുടെ 'സൂഫികളും സുൽത്താന്മാരും' എന്ന ചരിത്രനോവൽ പ്രകാശനം ചെയ്തു




കണ്ണൂർ: മൂന്നു മതങ്ങളും ഇത്രയധികം സഹജീവിതം നടത്തുന്ന സഹിഷ്ണുതയുള്ള സമൂഹമായി കേരളം നിലനിൽക്കുന്നതിനു പിന്നിൽ വായന നൽകിയ സംസ്കാരമാണെന്ന് എഴുത്തുകാരൻ സക്കറിയ.

കൈരളി ബുക്സ് പ്രസിദ്ധീകരിക്കുന്ന കനേഡിയൻ മലയാളി എഴുത്തുകാരനായ ജോൺ ഇളമതയുടെ 'സൂഫികളും സുൽത്താന്മാരും' എന്ന പുസ്തകം കഥാകൃത്ത് പി.കെ.പാറക്കടവന് നൽകി പ്രകാശനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മറ്റു മതങ്ങളെ അപമാനിക്കാത്ത, ഒപ്പം ജീവിക്കാൻ അനുവദിക്കുന്ന, മതഭ്രാന്തില്ലാത്ത, വർഗീയഭ്രാന്തില്ലാത്ത ഒരു സമൂഹമായി കേരളം ഇപ്പോഴും നിലനിൽക്കുന്നു. ഇതിനെല്ലാം പിന്നിൽ വിദ്യാലയങ്ങളും നന്മയുള്ള അധ്യാപകരും വായനയുമെല്ലാം ഉണ്ടാക്കിയ സംസ്കാരമാണെന്ന് അദ്ദേഹം പറഞ്ഞു.

കൈരളി ബുക്സ് മാനേജിങ് ഡയറക്ടർ ഒ.അശോക്കുമാർ അദ്ധ്യക്ഷത വഹിച്ചു.


എ.വി.പവിത്രൻ, പി.കെ.പാറക്കടവ് , സതീശൻ മോറായി, ഷുക്കൂർ പെടയങ്ങോട്, രാജേഷ് തെക്കന്മാർ, എ.കെ.ബിജുരാജ് എന്നിവർ പ്രസംഗിച്ചു.


ജോൺ ഇളമത മറുപടി പ്രസംഗം നടത്തി.

പ്രശസ്ത ലോകസഞ്ചാരിയായ ഇബ്ൻ ബത്തൂത്തയുടെ സഞ്ചാരത്തെ ആസ്പദമാക്കി രചിച്ച കാലത്തിന്റെ കഥ പറയുന്ന ഒരു നേർചിത്രമാണ് ''സുഫികളും സുൽത്താന്മാരും'' എന്ന ഈ ചരിത്ര നോവൽ.









# സുവർണ്ണ ശോഭയിൽ ന്യൂയോർക്ക് ഐ കെ സി സി



**കവിത ചെമ്മാച്ചേരിയിൽ**

ന്യൂയോർക്ക് ............ ന്യൂയോർക്ക് .... Frank Sinatra യുടെ വാക്കുകൾ കടമെടുത്താൽ ''സിറ്റി ദാറ്റ് നെവർ സ്ലീപ്സ്''. വിവിധ തരത്തിലുള്ള അമ്പരചുംബികളും സസ്യ ലതാദികളാൽ നിബിഡമായ സെൻട്രൽ പാർക്കും തോളോട് തോൾ ചേർന്ന് നിൽക്കുന്ന മഹാനഗരം. ലോകത്തിൻറെ ഏതു കോണിൽ നിന്നുമുള്ള മനുഷ്യരുടെ പ്രതിനിധികളെയും കാണാൻ പറ്റുന്ന അത്ഭുത നഗരം. മനുഷ്യരാശിയുടെ എല്ലാ വർണ്ണങ്ങളിലും ഉള്ളവർ തിങ്ങിപ്പാർക്കുന്ന ഒരിടം. ഒരർത്ഥത്തിൽ ലോകത്തിൻറെ'' ഷേദം'' എന്നും പറയാവുന്ന നഗരം, എല്ലാ മനുഷ്യരെയും ജാതി, മതം, ഭാഷ, നിറം, വലിപ്പം എന്നിവയിലുള്ള വൈജാത്യങ്ങളോടെയും അവരുടേതായ എല്ലാ പ്രത്യേകതകളോടുകൂടെയും ഒരുപോലെ ആശ്ലേഷിക്കുന്ന ലോകത്തിലെ അത്ഭുത സ്ഥലം. ''ഫ്രാങ്കിയുടെ ഭാഷയിൽ "If you can make it in New York, You can make it anywhere in the world". ലോക ഘടനയ്ക്ക് തന്നെ മാറ്റം വരുത്താൻ തക്ക കെൽപ്പുള്ള സാമ്പത്തിക, സാമൂഹിക, സാങ്കേതിക, സാംസ്കാരിക മേഖലകളിലെ ഒരു പ്രബല ശക്തി. ഈ വൈവിധ്യങ്ങൾക്കിടയിലും അവരവരുടെ വ്യക്തിസ്വാതന്ത്ര്യത്തിലും, ചിന്താശക്തിയിലും, ബോധ്യങ്ങളിലും ഉറച്ചുനിൽക്കുവാൻ ഓരോരുത്തരെയും 'സ്റ്റാച്യു ഓഫ് ലിബർട്ടി 'ഓർമിപ്പിക്കുന്നു. അങ്ങനെയുള്ള ഒരിടത്തേക്ക് ആണ് നമ്മുടെ കൊച്ചു കേരളത്തിൽ നിന്നും ക്നാനായ സമുദായ അംഗങ്ങൾ 1970കളിൽ കുടിയേറ്റം നടത്താൻ ആരംഭിക്കുന്നത്.

ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം കുടിയേറ്റം എന്നുള്ളത് അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള കാര്യമാണ്, അതുകൊണ്ടാണ് നമ്മുടെ സമുദായത്തിലെ വനിതാ രത്നങ്ങൾ ആതുര സേവന രംഗത്തെ ജോലികൾക്കായി നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയത്. അറിയാത്ത നാട്, ആളുകൾ, ജീവിത രീതി, ഭാഷ, യാത്രയുടെ ബുദ്ധിമുട്ടുകൾ അതിലുപരി പ്രതികൂല കാലാവസ്ഥ എന്നിങ്ങനെ നിരവധി പ്രതിസന്ധികൾ അവർക്കു മുൻപിൽ ഉണ്ടായിരുന്നു, എന്നിട്ടും അതിനെയെല്ലാം തരണം ചെയ്തു പുതിയൊരു ജീവിതം കെട്ടിപ്പടുക്കാൻ തയ്യാറായ ആദ്യകാല കുടിയേറ്റക്കാരെ പ്രത്യേകം അഭിനന്ദിക്കാതെ വയ്യ.

ക്നാനായ സമുദായത്തിന്റെ പ്രത്യേകതകളായി പണ്ടുമുതലേ പറയപ്പെടുന്ന കാര്യങ്ങളാണ് സമുദായ അംഗങ്ങൾ തമ്മിലുള്ള കുടുംബ ബന്ധങ്ങൾ, ഇഴയടുപ്പം, സമുദായ സ്നേഹം എന്നിവ.'' ഹിന്ദുവിൽ പോയാലും മക്കളെ നമ്മുടെ ബന്ധങ്ങൾ കൈവിടാതോർക്കണം എപ്പോഴും'' എന്നാണ് കാരണവന്മാരിൽ നിന്നും നമ്മൾ കേട്ടിട്ടുള്ളത്, മേൽപ്പറഞ്ഞ ഐക്യവും കൂട്ടായ്മയും നിലനിർത്തുന്നതിന്റെയും തുടരുന്നതിന്റെയും ഭാഗമായി 1976ൽ നോർത്ത് അമേരിക്കയിലെ ആദ്യത്തെ ക്നാനായ സാമുദായികസംഘടനയായ ഐ കെ സി സി രൂപംകൊണ്ടു. പരിമിതമായ സൗകര്യങ്ങളിലും അംഗബലത്തിലും ആയിരുന്നു ആരംഭം. എന്നാൽ പിന്നീടങ്ങോട്ട് നോർത്ത് അമേരിക്കയിലെ പല നഗരങ്ങളിലും ഉള്ള ലോക്കൽ ക്നാനായ സംഘടനകളുടെ രൂപീകരണത്തിനും KCCNA പോലുള്ള വലിയ സംഘടനകളുടെ ഉത്ഭവത്തിനുമെല്ലാം മൂലക്കല്ലായി പരിണമിച്ചത് ന്യൂയോർക്ക് IKCC ആണ്.

1976ൽ രൂപംകൊണ്ട ഐ കെ സി സി 50 വർഷങ്ങൾ വിജയകരമായി പൂർത്തിയാക്കി ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്കായി ഒരുങ്ങുന്നു. നോർത്ത് അമേരിക്കയിലെ ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം ന്യൂയോർക്ക് ഒരു മഹാനഗരം മാത്രമല്ല പല സമുദായ അംഗങ്ങളെയും ഇരു കൈകളും നീട്ടി സ്വീകരിച്ച ആദ്യ ഭവനം കൂടെയാണ്. അതുവഴി ഐ കെ സി സിയും അനേകർക്ക് സുപരിചിതമാണ്. ഒരു സാമുദായിക സംഘടനയായിട്ടാണ് ഐ കെ സി സി രൂപം കൊണ്ടത്. അതേ ആശയത്തിൽ തന്നെ ഇപ്പോഴും ഉറച്ചുനിൽക്കുന്നു.

IKCC, KCCNA എന്നീ സംഘടനകളുടെ ആരംഭം മുതൽ ഇതുവരെയുള്ള നാൾ വഴികളിൽ നേതൃ സ്ഥാനത്ത് നിന്നുകൊണ്ട് നിസ്വാർത്ഥ സേവനം കാഴ്ചവച്ച എല്ലാ നേതാക്കളുടെയും സേവനങ്ങളെഅനുസ്മരിക്കാനുംആദരിക്കാനും ആയി 2026 April 18 ന് ഐ കെ സി സി ഗോൾഡൻ ജൂബിലി സെലിബ്രേഷൻ നടത്തപ്പെടുകയാണ്. അതോടൊപ്പം തന്നെ ഐ കെ സി സി യുടെ വിവിധ പോഷക സംഘടനകളിൽ പെട്ട കലാകാരന്മാരുടെ വൈവിധ്യങ്ങളായ കലാപരിപാടികളും ഉൾപ്പെടുത്തിയിരിക്കുന്നു. തദവസരത്തിലേക്ക് നോർത്ത് അമേരിക്കയിലെ എല്ലാ ക്നാനായക്കാരെയും വളരെയധികം സ്നേഹത്തോടെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

വരൂ, സമുദായ കൂട്ടായ്മയിൽ പങ്കാളികളാകൂ ...

കവിത ചെമ്മാച്ചേരിയിൽ

IKCC Executive Committee.

# ഫോമാ വെസ്റ്റേൺ റീജിയൻ മൂന്നായി വിഭജിച്ചു;

## അടുത്ത ഇലക്ഷൻ വരെ ആർ.വി.പി ഉൾപ്പെടെയുള്ളവർ തുടരും





**എ.എസ് ശ്രീകുമാർ**

ഹൂസ്റ്റൺ: ഫോമായുടെ ഭാവി വളർച്ച മുന്നിൽക്കണ്ട് 2025 ഒക്ടോബർ 25-ന് ഫിലഡൽഫിയയിൽ ചേർന്ന മിഡ് ടേം ജനറൽ ബോഡി അവതരിപ്പിച്ച കോൺസ്റ്റിറ്റിയൂഷൻ അമൻമെന്റ് അനുസരിച്ച് വിവധ റീജിയനുകൾ പുനർ ക്രമീകരിക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണെന്ന് നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. യു.എസിലെയും കാനഡയിലെയും 100 അംഗ സംഘടനകളെ ജിയോഗ്രാഫിക്കലായാണ് വിവിധ റീജിയനുകളായി വിഭജിക്കുന്നത്. അതാത് പ്രദേശങ്ങളിലെ റീജിയനുകളെ, അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വലിയ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ പുനക്രമീകരണം.

ഇതനുസരിച്ച് ഫോമാ വെസ്റ്റേൺ റീജിയൺ മുന്നായി വിഭജിക്കുകയും സ്വതന്ത്രമായ പേരുകൾ സ്വീകരിക്കുകയും ചെയ്ത വിവരം ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുകയുണ്ടായി. ഹോളിവുഡ് റീജിയൺ (കാലിഫോർണിയ സൗത്ത്), ഗോൾഡഡൺ റീജിയൺ (കാലിഫറോർണിയ നോർത്ത് & വാഷിങ്ടൺ), മൗണ്ടൻ റീജിയൺ (അരിസോണ, കൊളറാഡോ & ലാസ് വേഗാസ്) എന്നിങ്ങനെയാണ് വെസ്റ്റേൺ റീജിയൺ വിഭജിച്ചിരിക്കുന്നത്. ഹോളിവുഡ് റീജിയന്റെ കീഴിൽ കല, ഒരുമ, ഐ.ഇ.എം.എ, വി.എം.എ.എസ്.സി, സരിഗമ എന്നീ അഞ്ച് അസോസിയേഷനുകൾ ഉൾപ്പെടുന്നു.

ഗോൾഡഡൺ റീജിയനിൽ മങ്ക, ബേ മലയാളി, സർഗം, സാക്രമെന്റോ സ്പോർട്സ് ആന്റ് ചാരിറ്റി ക്ലബ്, എം.എ.സി.സി, കെ.എ.ഡബ്ള്യു, കെ.സി.സി എന്നീ സംഘടനകളും മൗണ്ടൻ റീജിയണിൽ അരിസോണ മലയാളി അസോസിയേഷൻ, കൊളറാഡോ മലയാളി അസോസിയേഷൻ, ലാസ് വേഗാസ് മലയാളി അസോസിയേഷൻ എന്നി സംഘടനകളും ഉൾപ്പെടുന്നു. വെസ്റ്റേൺ റീജിയന്റെ എക്സ് ഒഫീഷ്യോ ആണ് നിലവിലെ നാഷണൽ ട്രഷററായ സിജിൽ പാലയ്ക്കലോടി. പുതുതായി രൂപീകരിക്കപ്പെട്ട റീജിയനുകൾക്ക് വരുന്ന ഏപ്രിൽ 8-ാം തീയതി ബുധനാഴ്ച ഓൺലൈനിൽ കൂടുന്ന ജനറൽ ബോഡി മീറ്റിങ്ങിൽ ഔദ്യോഗിക അംഗീകാരം നൽകും.

ജോൺസൺ ജോസഫ് ആണ് നിലവിലെ വെസ്റ്റേൺ റീജിയൺ ആർ.വി.പി. സാജൻ മൂലേപ്ലാക്കൽ, ജോർജുകുട്ടി പുല്ലാപ്പള്ളി, സുജ ഔസോ, ഓജസ് ജോൺ, ഡോ. മഞ്ജു പിള്ള (വിമൻസ് ഫോറം), ആഗ്നസ് ബൈജു (യൂത്ത് ഫോറം), ശരത്ത് നായർ (യൂത്ത് ഫോറം) എന്നിവർ വെസ്റ്റേൺ റീജിയണിൽ നിന്നുള്ള നാഷണൽ കമ്മിറ്റി അംഗങ്ങളുമാണ്. ഇക്കൊല്ലം ജൂലൈയിലെ ഫാമിലി കൺവൻഷനോടനുബന്ധിച്ച് 31-ാം തീയതി നടക്കുന്ന ഇലക്ഷനിൽ പുതിയ ആർ.വി.പിമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരെ തിരഞ്ഞെടുക്കുന്നതു വരെ നിലവിലുള്ളവർ തൽ സ്ഥാനത്ത് തുടരുമെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ വ്യക്തമാക്കി.


'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# ട്രംപിന്റെ ജലശരത്തിന്റെ കരുത്ത് അപാരം; ടോർപിഡോ അറ്റാക്കിൽ പണ്ട് പേൾ ഹാർബറും നടുങ്ങി



എ.എസ് ശ്രീകുമാർ

''രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ആദ്യമായി, ഒരു യു.എസ് നേവി ഫാസ്റ്റ് അറ്റാക്ക് അന്തർവാഹിനി ഒരു ശത്രു യുദ്ധക്കപ്പലിനെ ഒരു എംകെ -48 ടോർപ്പിഡോ ഉപയോഗിച്ച് മുക്കി. യുദ്ധക്കപ്പലിനെ കടലിന്റെ അടിത്തട്ടിലേക്ക് അയച്ചു. അമേരിക്കയുടെ സൈനിക ആഗോള വ്യാപ്തിയുടെ അവിശ്വസനീയമായ പ്രകടനമാണിത്. പ്രദേശത്തിന് പുറത്തുള്ള ഒരു സൈനിക വിന്യാസത്തെ തിരയുക, കണ്ടെത്തുക, കൊല്ലുക എന്നത് അമേരിക്കയ്ക്ക് മാത്രമേ ഇത്തരത്തിലുള്ള തോതിൽ ചെയ്യാൻ കഴിയൂ...'' ഇന്ത്യൻ മഹാസമുദ്രത്തിൽ വച്ച് 'ഐറിസ് ദേന' എന്ന ഇറാനിയൻ യുദ്ധക്കപ്പലിനെ തകർത്ത അതീവ മാരകമായ മാർക്ക്-48 ടോർപിഡോ ആക്രമണത്തെപ്പറ്റി യു.എസ് ജോയിന്റ് സ്റ്റാഫ് ഓഫ് ചീഫിന്റെ ചെയർമാൻ ജനറൽ ഡാൻ കെയ്ൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞതിങ്ങനെയാണ്.

ഫെബ്രുവരി 15 മുതൽ 25 വരെയായിരുന്നു വിശാഖപട്ടണത്ത് നടന്ന, ഇന്ത്യയുടെ ബഹുരാഷ്ട്ര നാവികാഭ്യാസമായ 'മിലാൻ 2026'-ൽ പങ്കെടുത്ത കപ്പലാണ് ഐറിസ് ദേന എന്നത് ടോർപിഡോ ആക്രമണത്തിന്റെ ഒരു യാദൃശ്ചികതയാണ്. ഇന്ത്യയുടെ ആതിഥ്യം സ്വീകരിച്ച് മടങ്ങിയ കപ്പലിന് ഇത്തരത്തിലൊരു ദുര്യോഗമുണ്ടാവുമ്പോൾ അതിന് വൈകാരിക തലമുണ്ട്. സംഭവത്തിന്റെ ചരിത്രപരമായ പ്രസക്തിയുമുണ്ട്. എന്നാൽ, 1941-ൽ ജപ്പാൻ യു.എസ് പസഫിക്

ഫ്ളീറ്റിന് നേരെ പേൾ ഹാർബറിൽ നടത്തിയ ആക്രമണത്തിൽ വിമാനങ്ങളിൽ നിന്ന് ടോർപ്പിഡോകൾ ഉപയോഗിച്ചിരുന്നുവെന്നോർക്കുമ്പോൾ ആ സ്മരണകൾക്കും നൊമ്പരമുണ്ട്.

1941ഡിസംബർ 7-ന്റെ പ്രഭാതത്തിലായിരുന്നു അപ്രതീക്ഷിതമായ ആ കൊടിയ ആക്രമണം. കോളനിവൽക്കരണവും അധിനിവേശതൃഷ്ണയും മനസിലേറ്റിയ കിഴക്കിന്റെ കിരാത ശക്തികൾ അമേരിക്കൻ മണ്ണിൽ ചുടലനൃത്തം ചവുട്ടിയ ഭീതിയുടെ പുലർകാലമായിരുന്നു അത്. ശാന്ത സമുദ്രത്തിൽ നങ്കൂരമിട്ട കപ്പലുകളിൽ നിന്ന് അശാന്തിയുടെ ഹുങ്കാരവുമായി അമേരിക്കയുടെ ആകാശവിശാലതയിലെത്തിയ ജാപ്പനീസ് വിമാനങ്ങൾ പസഫിക്കിലെ ഏറ്റവും വലിയ നേവൽ ബേസായ പേൾ ഹാർബറിൽ ബോംബുകൾ നിഷ്കരുണം വർഷിച്ചു. കേവലം രണ്ടു മണിക്കൂർ മാത്രം ദീർഘിച്ച ഈ സംഹാര താണ്ഡവത്തിൽ പേൾ ഹാർബർ ശ്മശാന ഭൂമിയായി. ടോർപിഡോകളും വർഷിക്കപ്പെട്ടു. ആയിരങ്ങൾ കൊല്ലപ്പെട്ടു. അനേകർ മുറിവുണങ്ങാതെ ജീവിക്കുന്ന രക്തസാക്ഷികളായി. എട്ട് യുദ്ധക്കപ്പലുകൾ തകരുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തു. ടോർപിഡോ ആക്രമണവും ബോംബാക്രമണവും സംയോജിപ്പിച്ചാണ് ജപ്പാൻ ഈ മിന്നലാക്രമണം നടത്തിയത്. പിൽക്കാലത്ത് ഒട്ടേറെ പടയോട്ട വിജയങ്ങൾ നേടാൻ അമേരിക്കയെ പ്രാപ്തമാക്കിയത് പേൾ ഹാർബർ ആക്രമണമായിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ആദ്യമായാണ് അമേരിക്ക മാർക്ക്-48 അല്ലെങ്കിൽ എം.കെ-48 പ്രയോഗിച്ചതെങ്കിൽ രണ്ടാം ലോകമഹായുദ്ധത്തിൽ ടോർപ്പിഡോ ആക്രമണങ്ങളുടെ പരമ്പര തന്നെയുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിലെ ഏറ്റവും ദൈർഘ്യമേറിയ സൈനിക നടപടിയായ അറ്റ്ലാന്റിക് യുദ്ധത്തിൽ ജർമ്മൻ അന്തർവാഹിനികൾ സഖ്യകക്ഷികളുടെ ചരക്കുകപ്പലുകളെ ലക്ഷ്യമാക്കി ടോർപ്പിഡോ ആക്രമണങ്ങൾ നടത്തിയിരുന്നു. ജർമ്മൻ സബ്മറൈനുകൾ ബ്രിട്ടീഷ് കപ്പലുകളെ ടോർപ്പിഡോ ഉപയോഗിച്ച് മുക്കിയിരുന്നു. ജപ്പാൻ 'ടൈപ്പ് 93 ലോങ് ലാൻസ്' എന്നറിയപ്പെടുന്ന ടോർപ്പിഡോകളാണ് ഉപയോഗിച്ചത്. ഇവ അക്കാലത്തെ ഏറ്റവും മികച്ചവയിൽ ഒന്നായിരുന്നു. യു.കെയും യു.എസും ടോർപ്പിഡോകൾ വ്യാപകമായി ഉപയോഗിക്കുകയുണ്ടായി.

അമേരിക്കയുടെ ഏറ്റവും പ്രഹര ശേഷിയുള്ള 'ജലശരം' ആയ മാർക്ക് 48-ന് ഒരു കപ്പലിനെ കടലിന് മുകളിലേക്ക് ഉയർത്തി എറിഞ്ഞ് അതിന്റെ നടുവൊടിക്കാൻ കഴിയും. ഈ ഹെവിവെയ്റ്റ് ടോർപ്പിഡോയുടെ ഭാരം 1698.25 കിലോ ആണ്. റഡാറുകൾക്ക് പിടികൊടുക്കാതെ കടലിനടിയിലൂടെ കുതിച്ചെത്തി ശത്രുവിനെ നിഷ്പ്രഭമാക്കുന്ന ഈ സാങ്കേതികവിദ്യയുടെ കരുത്ത് അപാരമാണ്. 6 മീറ്റർ നീളവും 21 ഇഞ്ച് വ്യാസവുമുള്ള ഈ ടോർപ്പിഡോയ്ക്ക് ഏതാണ്ട് 300 കിലോഗ്രാമിലധികം ഉയർന്ന സ്ഫോടനശേഷിയുള്ള വെടിമരുന്ന് വഹിക്കാൻ കഴിയും. എന്നാൽ ഇതിന്റെ യഥാർത്ഥ കരുത്ത് സ്ഫോടനത്തിൽ മാത്രമല്ല, അത് പ്രയോഗിക്കുന്ന രീതിയിലുമാണ്. ശത്രു കപ്പലിന്റെ അടിഭാഗം





ലക്ഷ്യം വെച്ചാണ് ഇത് കുതിക്കുന്നത്.

ടോർപ്പിഡോ കപ്പലിൽ ഇടിക്കുന്നതിനേക്കാൾ കൂടുതൽ അപകടമുണ്ടാക്കുന്നത് കപ്പലിന് തൊട്ടുതാഴെ വെച്ച് നടക്കുന്ന സ്ഫോടനമാണ്. ടോർപ്പിഡോ കപ്പലിന്റെ അടിഭാഗത്തെ 'കീൽ' ലക്ഷ്യം വെച്ച് പൊട്ടിത്തെറിക്കുന്നു. സ്ഫോടനമുണ്ടാക്കുന്ന മർദ്ദത്തിൽ കപ്പൽ വെള്ളത്തിന് മുകളിലേക്ക് ഉയർത്തപ്പെടുകയും, മധ്യഭാഗം തകർന്ന് കപ്പൽ രണ്ടായി പിളരുകയും ചെയ്യുന്നു. ഐറിസ് ദേനയുടെ ഹള്ളിൽ ടോർപ്പിഡോ ഇടിച്ചതോടെ ഉണ്ടായ വൻ സ്ഫോടനത്തിൽ കപ്പലിന്റെ പിൻഭാഗം തകരുകയും കപ്പൽ തൽക്ഷണം മുങ്ങുകയുമായിരുന്നു. കപ്പൽ വെള്ളത്തിൽ നിന്ന് ഉയർന്നു പൊങ്ങുന്നതും പിന്നീട് മുങ്ങുന്നതും അമേരിക്കൻ പ്രതിരോധ വകുപ്പ് പുറത്തുവിട്ട വീഡിയോയിൽ വ്യക്തമാണ്.

അഡ്വാൻസ്ഡ് സോണാർ സംവിധാനമുള്ള ഈ ടോർപ്പിഡോയ്ക്ക് ശത്രു കപ്പലിന്റെ ശബ്ദം തിരിച്ചറിഞ്ഞ് അതിനെ പിന്തുടരാൻ കഴിയും. 55 നോട്ടിക്കൽ മൈൽ (മണിക്കൂറിൽ 100 കിലോമീറ്ററിലധികം) വേഗതയിൽ ലക്ഷ്യസ്ഥാനത്തെത്താൻ ശേഷിയുള്ളതാണിത്. വിക്ഷേപിച്ച ശേഷവും അന്തർവാഹിനിയിലുള്ള ഓപ്പറേറ്റർക്ക് ഒരു നേർത്ത വയർ വഴി ടോർപ്പിഡോയുടെ ദിശ മാറ്റാൻ സാധിക്കും. ഇത് ലക്ഷ്യം തെറ്റാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ശത്രുക്കൾ പ്രയോഗിക്കുന്ന വ്യാജ സിഗ്നലുകളെ തിരിച്ചറിഞ്ഞ് യഥാർത്ഥ ലക്ഷ്യത്തെ മാത്രം ആക്രമിക്കാൻ ഇതിലെ ആധുനിക കമ്പ്യൂട്ടറുകൾക്ക് കഴിയും.

അതേസമയം, അമേരിക്കയുടെ ടോർപിഡോ പ്രയോഗം ഇറാന്റെ നാവിക ആസ്തികൾക്ക് വലിയൊരു ഭീഷണിയാണ് ഉയർത്തുന്നത്. വരും ദിവസങ്ങളിൽ ഇറാന്റെ ഭാഗത്തുനിന്ന് സമാനമായ ഒരു 'അണ്ടർ വാട്ടർ' പ്രത്യാക്രമണം ഉണ്ടാകുമോ എന്നാണിപ്പോൾ ലോകം ഭീതിയോടെ ഉറ്റുനോക്കുന്നത്.

മാർക്ക് 48 മേരിക്കയുടെ സമുദ്രത്തിലെ അപ്രമാദിത്വത്തിന്റെ പ്രതീകമാണ്. 'ഐറിസ് ദേന'യെ മുക്കിയതിലൂടെ തങ്ങളുടെ സാങ്കേതിക കരുത്ത് ലോകത്തിന് മുന്നിൽ അവർ കാട്ടിക്കൊടുത്തു. എന്നാൽ നിരവധി മനുഷ്യജീവനുകൾ ബലിയാടായ ആക്രമണം ലോകസമാധാനത്തിന് വലിയ ഭീഷണിയുമാണ്.

**ടോർപ്പിഡോ കപ്പലിൽ ഇടിക്കുന്നതിനേക്കാൾ കൂടുതൽ അപകടമുണ്ടാക്കുന്നത് കപ്പലിന് തൊട്ടുതാഴെ വെച്ച് നടക്കുന്ന സ്ഫോടനമാണ്. ടോർപ്പിഡോ കപ്പലിന്റെ അടിഭാഗത്തെ 'കീൽ' ലക്ഷ്യം വെച്ച് പൊട്ടിത്തെറിക്കുന്നു. സ്ഫോടനമുണ്ടാക്കുന്ന മർദ്ദത്തിൽ കപ്പൽ വെള്ളത്തിന് മുകളിലേക്ക് ഉയർത്തപ്പെടുകയും, മധ്യഭാഗം തകർന്ന് കപ്പൽ രണ്ടായി പിളരുകയും ചെയ്യുന്നു. ഐറിസ് ദേനയുടെ ഹള്ളിൽ ടോർപ്പിഡോ ഇടിച്ചതോടെ ഉണ്ടായ വൻ സ്ഫോടനത്തിൽ കപ്പലിന്റെ പിൻഭാഗം തകരുകയും കപ്പൽ തൽക്ഷണം മുങ്ങുകയുമായിരുന്നു.**

# സുജിത് ശ്രീധർ ഫോമാ നാഷ്ണൽ കമ്മറ്റിയിലേക്ക് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു




ജോജോ കോട്ടൂർ ജോൺ


ഫിലാഡെൽഫിയായിലെ സാമൂഹിക രംഗത്ത് നിറ സാന്നിധ്യമായ സുജിത് ശ്രീധറിനെ ഫോമായുടെ 2026–2028 കാലയളവിലേക്കുള്ള നാഷ്ണൽ കമ്മറ്റിയിലേക്ക് മിഡ് അറ്റ്ലാന്റിക്ക് റീജിയണിൽ നിന്നും കല എൻഡോഴ്സ് ചെയ്തു.

ദീർഘകാലമായി ഫോമയോട് ചേർന്ന് സജീവമായി പ്രവർത്തിക്കുന്ന സുജിത് ശ്രീധർ കലയുടെ സെക്രട്ടറി, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചുള്ള പരിചയ സമ്പത്തുമായാണ് നാഷ്ണൽ കമ്മറ്റിയിലേക്ക് എത്തുന്നത്.

പൊതു രംഗത്ത് സജീവമായ സുജിത് ശ്രീധർ മിഡ് അറ്റ്ലാന്റിക്ക് റീജിയന്റെ പ്രവർത്തനങ്ങളിലെല്ലാം സജീവമായ പങ്കാളിത്തം വഹിക്കുന്ന വ്യക്തിയാണ്.

കലയുടെ വാർഷിക ബാങ്കറ്റിൽ ഏവരും അദ്ദേഹത്തിന് പിന്തുണ അറിയിക്കുകയും വിജയാശംസകൾ നേരുകയും ചെയ്തു.

# ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ഒർലാന്റോയിൽ ബഹുജന പങ്കാളിത്തത്തോടെ ഊഷ്മളമായ വരവേൽപ്പ്




എ.എസ് ശ്രീകുമാർ

ഫ്ളോറിഡ: തികഞ്ഞ സാമൂഹിക പ്രതിബദ്ധത സേവന മന്ത്രമാക്കി ഫോമായുടെ ജനപക്ഷ പദ്ധതികൾ നടപ്പാക്കാൻ 2026–'28 ഭരണ സമിതിയിലേയ്ക്ക് ആർജവത്തോടെ മൽസരിക്കുന്ന 'ടീം വായ്സ് ഓഫ് ഫോമാ'യ്ക്ക് പുഷ്പങ്ങളുടെ നാടായ ഫ്ളോറിഡയിലെ ഒർലാന്റോയിൽ ഗംഭീര സ്വീകരണം. ഒർലാന്റോ റീജിയണൽ യുണൈറ്റഡ് മലയാളീ അസോസിയേഷൻ (ഒരുമ), മലയാളി അസോസിയേഷൻ ഓഫ് ഡെയറ്റോണ, ഒർലാന്റോ റീജിയണൽ മലയാളി അസോസിയേഷൻ (ഓർമ) എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന സ്വീകരണ യോഗത്തിൽ ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ തങ്ങളുടെ നയസമീപനങ്ങൾ വിശദീകരിച്ചു.

ഫെബ്രുവരി 28-ന് അപ്നാ ബസാർ ഓ

ഡിറ്റോറിയത്തിൽഡ നടന്ന യോഗത്തിൽ സംഘടനാ ഭാരവാഹികളുമായി സൗഹൃദം പങ്കുവച്ച ടീം വോയ്സ് ഓഫ് ഫോമാ ഏവരുടെയും പാർത്ഥനാ പൂർണമായ പിന്തുണയും പ്രോൽസാഹനവും അഭ്യർത്ഥിച്ചു. ഫോമയെ നയിക്കാൻ പ്രാപ്തരാണ് ടീം വോയ്സ് ഓഫ് ഫോമാ എന്ന് വിവിധ സംഘടനാ നേതാക്കൾ അഭിപ്രായപ്പെട്ടു.

ടീം വോയ്സ് ഓഫ് ഫോമാ ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായ വികസന പരിപാടികളോടെയാണ് ജനസമക്ഷം അവരുടെ അംഗീകാരത്തിനായി എത്തുന്നതെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ പറഞ്ഞു. ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് കർമഭൂമിയിലും ജൻമഭൂമിയിലും തികഞ്ഞ ജനപക്ഷ മുഖത്തോടെ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുണ്ട്. തങ്ങൾ ഭരണത്തിലെത്തിയാൽ അമേരിക്കൻ മലയാളി സമൂഹത്തിലും നാട്ടിലും കൂടുതൽ ഊർജസ്വലമായി സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്നും ടീം വോയ്സ് ഓഫ് ഫോമാ അംഗങ്ങൾ പറഞ്ഞു.

ശക്തമായ വികസനോൻമുഖ ഭരണം കാഴ്ചവയ്ക്കുന്നതിനായി വോട്ടുകൾ നൽകി ആശീർവദിക്കണമെന്ന് പുതിയ ഭരണസമിതിയുടെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ സ്നേഹനിർഭരമായ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് ഫ്ളോറിഡയിലെ പരിണതപ്രജ്ഞരായ മലയാളി സംഘടനാ ഭാരവാഹികളോട് ഹൃദയപൂർവം അഭ്യർത്ഥിച്ചു.







രാജ് കുറുപ്പ് (ഫോമാ മുൻ ജോയിന്റ് ട്രഷറർ), ജിബി ജോസഫ് (ഒരുമ മുൻ പ്രസിഡന്റ്), ജിജോ ചിറയിൽ (ഓർമ മുൻ പ്രസിഡന്റ്), ഡോ. ഷിജു ചെറിയാൻ (ഒരുമ മുൻ പ്രസിഡന്റ്), ഫോമാ മുൻ നാഷണൽ കമ്മിറ്റി മെമ്പർ പൗലോസ് കുയിലാടൻ, ജോർജ്, ബെന്നി വർഗീസ്, ഡേവിഡ് തോമസ്, ഷിനോ തോമസ് (ഒരുമ മുൻ സെക്രട്ടറി), സോണി തോമസ് (ഒരുമ മുൻ പ്രസിഡന്റ്), ഡോ. വർക്കി എബ്രഹാം (ഒരുമ സെക്രട്ടറി), ബിനൂസ് (ഒരുമ പ്രസിഡന്റ്), ചാക്കോച്ചൻ ജോസഫ് (ഫോമാ സൺഷൈൻ റീജിയൻ മുൻ ആർ.വി.പി), സന്തോഷ് തോമസ് (കാൻഡിഡേറ്റ് ഫോർ നാഷണൽ കമ്മിറ്റി മെമ്പർ), അശോക് മേനോൻ (ഒരുമ മുൻ പ്രസിഡന്റ്), നിഷ (ഓർമ കൾച്ചറൽ കോ-ഓർഡിനേറ്റർ), പ്രവിബ് നായർ (ഒരുമ മുൻ പ്രസിഡന്റ്), വിജി നായർ, രേണു മേനോൻ, ഷാന്റി വർഗീസ് (കാൻഡിഡേറ്റ് ഫോർ ആർ.വി.പി), ബിജോയ് സേവ്യർ, സജോ പെല്ലിശ്ശേരി തുടങ്ങിയവർ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് എല്ലാവിധ വിജയാശംസകളും നേർന്നു.

2022-24 ഫോമാ എക്യിക്യൂട്ടീവ് കമ്മറ്റിയിലെ ട്രഷററായി മിന്നുന്ന പ്രകടനം കാഴ്ചവച്ച ബിജു തോണിക്കടവിൽ എൺപതിനായിരത്തിലധികം ഡോളർ മിച്ചമുണ്ടാക്കിയാണ് സ്ഥാനമൊഴിഞ്ഞത്. 2026-28-ൽ സ്ത്രീകൾക്കും യുവജനങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്ന ഒട്ടേറെ പരിപാടികൾ ആവിഷ്കരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. വിദ്യാർത്ഥികൾ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ തുടങ്ങി അമേരിക്കയിൽ എത്തിപ്പെടാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് എല്ലാവിധ സഹായങ്ങളും പുതിയ കമ്മറ്റി ഉറപ്പുനൽകുന്നു. വിവിധ മേഖലകളിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുറമെ, ഭാഷാ, വിദ്യാഭ്യാസ, സാംസ്കാരിക, തൊഴിൽ രംഗങ്ങളിൽ പുത്തൻ ആശയങ്ങളിലൂന്നിയ പ്രോജക്ടുകളായിരിക്കും നടപ്പാക്കുകയെന്ന് 'ടീം വോയ്സ് ഓഫ് ഫോമാ ആവർത്തിച്ച് വ്യക്തമാക്കി.


























Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# മിന്നലേ.... അടി മിന്നലേ...



രാജു മൈലപ്രാ




(ഒരു രഹസ്യം: കേരള സർക്കാർ 'മിന്നൽ മാജിക്' എന്ന പേരിൽ, ഒരു മുന്തിയ ഇനം ബ്രാൻഡി വിപണിയിലെത്തിക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ, അതിന്റെ ലഹരിയിൽ ഏതാനും ദിവസങ്ങൾക്കു മുമ്പ് എഴുതിയതാണീ കുറിപ്പ്. എന്നാൽ ഒട്ടും നിനച്ചിരിക്കാതെ സർക്കാർ സംവിധാനത്തിൽ, 'വീണ, വീണാ' എന്ന പേരിൽ ഒരു ആക്ഷൻ ത്രില്ലർ ഇറക്കി കളം നിറച്ചപ്പോൾ, ഞാനീ കുറിപ്പ് നാലായി മടക്കി പോക്കറ്റിലിട്ടു. വലിയ വലിയ വാർത്തകൾക്കിടയിൽ ഈ ചെറിയ കുറിപ്പിനു എന്തു പ്രസക്തി? ഒരു ബിഗ് ബജറ്റ് മോഹൻലാൽ ചിത്രം വെറും രണ്ടു ദിവസം കൊണ്ട് 'നൂറു കോടി ക്ലബി' ലെത്തുന്നതുപോലെ 'വീണ-വീണയും' ബോക്സോഫീസിൽ വൻ വിജയം നേടി.

ചില 'പഴയ' പരിചയക്കാർ, വല്ലപ്പോഴുമൊരിക്കൽ കാണുമ്പോൾ 'ഈയിടെയായി ഒന്നും എഴുതാറില്ലേ?' എന്നു ചോദിക്കാറുണ്ട്. 'ഞാൻ എഴുതാറുണ്ട് - പക്ഷേ ആരും വായിക്കുന്നില്ല' എന്നു പറയണമെന്നു തോന്നുമെങ്കിലും, ഒരു വിളറിയ ചിരികൊണ്ടു ഞാൻ മറുപടി ഒതുക്കും.

എന്നാൽ ഇനി ഇതു പ്രസിദ്ധീകരിക്കാമെന്നു കരുതിയപ്പോൾ, അതാ വീണ്ടും വരുന്നു, 'വീണ-വീണാ' യുടെ രണ്ടാം ഭാഗം.

പട്ടാപ്പകൽ, പോലീസ് സുരക്ഷിത വലയത്തിൽ നിന്ന നായികയെ, ചില കിരാതന്മാർ അതിസാഹസികമായി വധിക്കുവാൻ ശ്രമിക്കുന്നു.- 'കഴുത്തു പിടിച്ചു ഞെരിക്കുകയും, കൈ പിടിച്ചു തിരിക്കുകയും ചെയ്യുന്ന' ചില ഭീകരദൃശ്യങ്ങൾ ഈ സിനിമയിലുണ്ട്. കൊലപാതക ശ്രമത്തെ, ഉണ്ണിയാർച്ചയുടെ ശൗര്യത്തോടെ എതിർത്തു തോൽപ്പിച്ചെങ്കിലും,

കഴുത്തിനു ഗുരുതരമായ ക്ഷത മേറ്റ അവരെ നേരെ ഐ.സി.യു. വിൽ പ്രവേശിപ്പിച്ചു. ഒരു വിദ ഗ്ദ്ധ സംഘം ഡോക്ടറന്മാരുടെ പരിശോധനക്കു ശേഷം, ഒരു മാസത്തെ പരിപൂർണ്ണ വിശ്രമം നിർദ്ദേശിച്ചു.

അപ്പോഴിതാ കഥയ്ക്കൊരു സർപ്രൈസ് ടിസ്റ്റ്.

ഇരുട്ടിന്റെ മറവിൽ, സകലരു ടെയും കണ്ണുവെട്ടിച്ച് കഴുത്ത് അനക്കാൻ പറ്റാത്ത നായികയു ടെ അതിസാഹസീകമായ നൂറു മൈൽ, കരമാർഗ്ഗം കാറിലൂടെ യുള്ള യാത്ര.

വീട്ടിലെത്തിയ നായികയോ ട്, 'ഈ പടി ചവിട്ടിപ്പോകരുത്' എന്ന് ഭർത്താവിന്റെ ഉഗ്രശാ സന.

'ദൃശ്യം' സിനിമയുടെ മൂന്നാം ഭാഗം പോലെ 'വീണ-വീണാ' യുടെ അടുത്ത റിലീസിംഗ് ഉട നെ പ്രതീക്ഷിക്കാം.

ഇനി കാത്തിരുന്നിട്ടു കാര്യമി ല്ല. ഒരു മമ്മൂട്ടി ചിത്രത്തോട്, ഒരു മാക്കുമോയ ചിത്രം ഏറ്റുമുട്ടിയാ ലുള്ള അവസ്ഥ.

ഏതായാലും എന്റെ ഈ കു റിപ്പ് പ്രസിദ്ധീകരണത്തിന് അയ ക്കുന്നു. ആരെങ്കിലും വായിക്കു ന്നുണ്ടെങ്കിൽ, ഒരു പത്തു ദിവസം മുമ്പുള്ള മാനസീകാവസ്ഥയിൽ വായിക്കണമെന്നപേക്ഷിക്കുന്നു.

******

ഇനി 'മിന്നലേ....അടി മിന്നലേ' ആരംഭിക്കാം.

ഒരു ഉദ്ഘാടന വേദി: (അനൗ ൺസ്മെന്റ്)

സഹൃദയരേ! നല്ലവരായ നാ ട്ടുകാരേ! കേരള സർക്കാരിന്റെ താങ്ങും തണലുമായി നിൽ ക്കുന്ന സാമ്പത്തീക സ്രോതസു കളേ! മീറ്റിംഗ് ഉടൻ തന്നെ ആ രംഭിക്കും. മന്ത്രി ഗസ്റ്റ് ഹൗസിൽ



എത്തിയിട്ടുണ്ട്. ഊണിനു ചൂര ക്കറി' വിളമ്പിയതിൽ അദ്ദേഹം അതൃപ്തിയിലാണ്. നെയ്യ്മാൻ കറിയും, വരാൽ വറുത്തതും ത യ്യാറായാൽ ഉടൻ തന്നെ, ഊണു കഴിച്ചിട്ട് അദ്ദേഹം ഇവിടേക്ക് എഴുന്നെള്ളുന്നതാണ്. അതുവ രെ നിങ്ങൾ അക്ഷമരായി കാത്തി രിക്കുവാൻ അപേക്ഷിക്കുന്നു. കൂ ട്ടത്തിൽ ഒരു സന്തോഷ വാർത്ത കൂടിയുണ്ട്. മീറ്റിംഗിൽ ആദ്യാ വസാനം പങ്കെടുക്കുന്നവർക്ക് 'പൊതിച്ചോർ' നൽകുന്നതാണ്. ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പി ക്കുന്നു. ഇതിൽ പങ്കെടുക്കുവാൻ എത്തിയിരിക്കുന്ന ബംഗാളിൽ മു ദ്രാവാക്യം വിളിക്കുമ്പോൾ തെ റ്റിക്കരുത്. അവർക്കുള്ള പരിശീ ലനം മൈതാനത്തിന്റെ കിഴക്കു വശത്തു നടക്കുന്നുണ്ട്.

(മൈക്കുകാരനോട്.... പാട്ടു വെയ്ക്കടാ തെണ്ടി)

ഉച്ചഭാഷിണിയിൽക്കൂടി ഒരു ഗാനം ഒഴുകിയെത്തുന്നു:

'നീയറിഞ്ഞോ മേലേ മാനത്ത്

ആയിരം ഷാപ്പുകൾ തുറക്കു ന്നുണ്ട്

സ്വർഗ്ഗത്തിലെ മുത്തച്ഛന്മാർക്ക്

ഇനി ഇഷ്ടം പോലെ കുടിക്കാ മല്ലോ!'

മന്ത്രി പുംഗവൻ തന്റെ പരിവാ രങ്ങളുമായി എത്തുന്നു. കള്ളൻ മാർക്കു പോലീസ് കാവൽ നിൽ ക്കുന്നതു പോലെ, അയാളുടെ ചുറ്റും 'ഗൺ' ഏന്തിയ ഗൺമാൻ മാരുണ്ട്. ഇ.ഡി. എന്നെങ്ങാനാം കേട്ടാൽ, അദ്ദേഹം ഓടിപ്പോകാ തിരിക്കുവാനായിരിക്കും, ഒരു പക്ഷേ!

മന്ത്രി തന്റെ പ്രസംഗം ആരംഭി ക്കുന്നു:

പ്രിയ സഹോദരീ, സഹോദര ങ്ങളേ!

ഈ അടുത്ത കാലത്തായി കേരളത്തിന്റെ പ്രതിഛായ ലോ കമെമ്പാടും വർദ്ധിച്ചു വരികയാ ണല്ലോ! പ്രത്യേകിച്ചും നമ്മുടെ

ആരോഗ്യ മേഖല, ലോകത്തിലെ നമ്പർ വൺ ആണ്. ചൊറി, ചിരങ്ങ്, മലമ്പനി, കുരങ്ങു പനി മുതലായ മാറാരോഗങ്ങളുമായി ഇവിടെ ചികിത്സ നടത്തുവാനെത്തുന്ന അമേരിക്കൻ മലയാളികൾക്ക് പത്തു ശതമാനം ഡിസ്ക്കൗണ്ട് നൽകും എന്നുള്ള കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു.

എന്നാൽ മദ്യമേഖല രംഗത്ത് നമ്മൾക്ക് കുറച്ചു ജാഗ്രത കുറവുണ്ടായി. തന്മൂലം നമ്മുടെ ടൂറിസത്തിനു ചെറിയ ഇടിവുണ്ടായി.

രാത്രി പതിനൊന്നു മണി കഴിയുമ്പോൾ മുതൽ, 'കള്ള് എവിടെ, കള്ള് എവിടെ?' എന്നു നെഞ്ചത്തടിച്ചു വിലപിച്ചുകൊണ്ട്, ചെമ്മീനിലെ പരീക്കുട്ടിയേപ്പോലെ കടാപ്പുറത്തു കൂടി, പാടിപ്പാടി ചങ്കുപൊട്ടി നടക്കുന്ന കാഴ്ച കണ്ടപ്പോൾ, നമ്മുടെ സർക്കാരിന്റെ കരളലിഞ്ഞു.

മൂർത്തമായ സമയത്ത് മൂർത്തമായ തീരുമാനമെടുക്കുന്നതാണല്ലോ, നമ്മുടെ വൈരുദ്ധ്യാത്മിക ഭൗതികവാദം. അതിനാൽ ഇനി മുതൽ നേരത്തോടു നേരം, കള്ളുഷാപ്പുകൾ, ബിവറേജ് ഔട്ട്ലറ്റുകൾ, സ്റ്റാർ ബാറുകൾ എന്നിവിടങ്ങളിൽ മദ്യം ലഭിക്കും.

ദിവസേന, മൂന്നു നേരം മദ്യം കഴിച്ചാൽ, ഉൽക്കണ്ഠ, വിഷാദം, വിറയൽ തുടങ്ങിയ രോഗങ്ങൾ മാറിക്കിട്ടും.

മദ്യപാനത്തിനുള്ള പരിശീലനം, ചെറുപ്പം മുതലേ ശീലിപ്പിക്കുവാൻ വേണ്ടി, ഇപ്പോൾ നേഴ്സറി സ്ക്കൂളിൽ കൊടുക്കുന്ന റേഷനരി ബിരിയാണിയോടൊപ്പം, പാലിനു പകരം വീര്യം കുറഞ്ഞ മദ്യം വിളുമ്പുന്നതിനേപ്പറ്റിയും ആലോചനയുണ്ട്.

ഇനി നിങ്ങൾ കാത്തിരിക്കുന്ന നിമിഷം. നമ്മുടെ സർക്കാരിന്റെ സ്വന്തം ഡിസ്റ്റിലറിയിൽ, അമൂല്യ ഔഷധഗുണമുള്ള സസ്യങ്ങൾ ഇടിച്ചു പിഴിഞ്ഞ്, അതിന്റെ നീരിനോടൊപ്പം, ബാറ്ററി, സ്പിരിറ്റ് തുടങ്ങിയ ചേരുവകകൾ കൂടി ചേർത്ത് പ്രത്യേകം തയ്യാറാക്കിയ, 'മിന്നൽ മാജിക്'.

ഈ മംഗള കർമ്മം നിർവഹിക്കുന്നതിനു വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഒരു കത്രികകൊണ്ട് നാട മുറിച്ചാണ് ഞാൻ ഈ ഉദ്ഘാടനം നിർവഹിക്കുന്നത്. ഈ കത്രിക ഒരു രോഗിയുടെ വയറ്റിൽ അഞ്ചോ അൻപതോ വർഷങ്ങൾ കിടന്നാലും കത്രികക്ക് ഒരു കേടും സംഭവിക്കില്ല എന്നു മെഡിക്കൽ ഡയറക്ടർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണ്. രോഗികൾക്ക് ചില നിസ്സാര അസൗകര്യങ്ങൾ ഉണ്ടാകുമെന്ന്, സർക്കാരിന്റെ പ്രതിഛായ മോശമാക്കുവാൻ വേണ്ടി പ്രതിപക്ഷം വെറുതേ പറഞ്ഞു പരത്തുന്നതാണ്.

മിന്നൽ അടിച്ചാൽ, പിറകേ 'ഇടി' ഉണ്ടാവുക സ്വാഭാവികമാണല്ലോ! മിന്നലടിച്ച് നല്ലപോലെ മിനുങ്ങി വീട്ടിൽചെല്ലുന്ന നിങ്ങൾ, നിങ്ങളുടെ കെട്ടിയോളുമാർക്ക് നല്ല നാലു ഇടി കൂടി കൊടുത്ത്, ഈ ആഘോഷത്തെ അതിന്റെ പരിപൂർണ്ണതയിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

രോഗിയുടെ വയറ്റിൽ അഞ്ചു വർഷം കിടന്ന കത്രിക കൊണ്ടു നാടമുറിച്ച് 'മിന്നൽ മാജിക്' ഉദ്ഘാടനം ചെയ്ത മന്ത്രി, ഗസ്റ്റു ഗൗസിലേക്കു പോലീസ് അകമ്പടിയോടു കൂടി മടങ്ങുന്നു.

('വീണ-വീണാ' യുടെ കൂടുതൽ ഭാഗങ്ങൾ ഇലക്ഷൻ കഴിയുന്നതുവരെ പ്രതീക്ഷിക്കാം).

ശുഭം!





TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ഫ്ളോറിഡ ഫോർട്ട് ലോഡർഡെയ്ലിൽ ആവേശോജ്വലമായ സ്വീകരണം

എ.എസ് ശ്രീകുമാർ




ഫ്ളോറിഡ: സാമൂഹിക പ്രതിബദ്ധത സേവന മുദ്രാവാക്യമാക്കി ഫോമായുടെ ജനപക്ഷ പദ്ധതികൾ നടപ്പാക്കാൻ 2026-'28 ഭരണ സമിതിയിലേയ്ക്ക് ആർജവത്തോടെ മൽസരിക്കുന്ന 'ടീം വായ്സ് ഓഫ് ഫോമാ'യ്ക്ക് പുഷ്പങ്ങളുടെ നാടായ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയ്ലിൽ വൻ ജനപങ്കാളിത്തത്തോടെ ഊഷ്മളമായ സ്വീകരണം. കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ, മയാമി മലയാളി അസോസിയേഷൻ, നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ തുടങ്ങിയ സംഘടനയുടെ ഭാരവാഹികളുമായി ടീം വോയ്സ് ഓഫ് ഫോമാ കൂടിക്കാഴ്ച നടത്തുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്മരണകൾ







തുടിക്കുന്ന ഗാന്ധി സ്ക്വയറിൽ നടന്ന യോഗത്തിൽ ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ ഫോമായെ നയിക്കാൻ എന്തുകൊണ്ടും യോഗ്യതയുള്ളവരാണെന്ന് വിവിധ സംഘടനാ നേതാക്കൾ ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു.

ടീം വോയ്സ് ഓഫ് ഫോമാ ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായ വികസന പരിപാടികളോടെയാണ് ജനവിധി തേടുന്നതെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ പറഞ്ഞു. ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് കർമഭൂമിയിലും ജൻമഭൂമിയിലും തികഞ്ഞ ജനപക്ഷ മുഖത്തോടെ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുണ്ട്. തങ്ങൾ ഭരണത്തിലെത്തിയാൽ അമേരിക്കൻ മലയാളി സമൂഹത്തിലും നാട്ടിലും കൂടുതൽ ഊർജസ്വലമായി







സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്നും അതിനായി ഏവരുടെയും പ്രാർത്ഥനാ പൂർണമായ പിന്തുണയും പ്രോൽസാഹനവും അഭ്യർത്ഥിക്കുന്നുവെന്ന് ടീം വോയ്സ് ഓഫ് ഫോമാ അംഗങ്ങൾ പറഞ്ഞു.

ശക്തമായ വികസനോൻമുഖ ഭരണം കാഴ്ചവയ്ക്കുന്നതിനായി വോട്ടുകൾ നൽകി ആശീർവദിക്കണമെന്ന് പുതിയ ഭരണസമിതിയുടെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ സ്നേഹനിർഭരമായ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് ഫ്ളോറിഡയിലെ പരിണതപ്രജ്ഞരായ മലയാളി സംഘടനാ ഭാരവാഹികളോട് ഹൃദയപൂർവം അഭ്യർത്ഥിച്ചു.

ഫോമാ മുൻ പ്രസിഡന്റ് ആനന്ദൻ നിരവേൽ, കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ പ്രസിസിഡന്റും ഫോമാ നാഷണൽ കമ്മിറ്റി മുൻ അംഗവുമായ നോയൽ മാത്യു, നവകേരള മലയാളി അസോസിയേഷൻ പ്രസിഡന്റ് കുര്യൻ വർഗീസ്, കേരള അസോസിയേഷൻ ഓഫ് പാം ബീച്ച് പ്രസിഡന്റ് ജൂന തോമസ്, കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ സെക്രട്ടറി സഞ്ജയ് നെടും പറമ്പിൽ, നവകേരള സെക്രട്ടറി രാജൻ ജോർജ്, ബിജു ജോൺ (കേരള സമാജം മുൻ പ്രസിഡന്റ്), മോൾ മാത്യു (മയാമി മലയാളി അസോസിയേഷൻ മുൻ സെക്രട്ടറി- നാഷണൽ കമ്മറ്റി കാൻഡിഡേറ്റ്), ചെറിയാൻ എബ്രഹാം (കേരള സമാജം വൈസ് പ്രസിഡന്റ്), ഷിബു ജോസഫ് (കേരള സമാജം കമ്മറ്റി മെമ്പർ), ഏലിയാസ് പനങ്ങയിൽ (നവകേരള മുൻ പ്രസിഡന്റ്), സാന്റിച്ചൻ മാത്യു, ജിയോ ജോസഫ്



(കേരള സമാജം ഓഫ് പാം ബീച്ച് മുൻ കമ്മിറ്റി മെമ്പർ), ഡോ.ബാബു, ഗോപൻ നായർ, നിതീഷ് (കേരള സമാജം ട്രഷറർ), ദീപക് (കേരള സമാജം ജോയിന്റ് സെക്രട്ടറി), സാജൻ മാത്യു (നാഷണൽ കമ്മറ്റി മെമ്പർ), സജോ പെല്ലിശ്ശേരി (നവകേരള മുൻ പ്രസിഡന്റ്), ബിനോയ് സേവ്യർ (അഡ്വൈസറി ജോയിന്റ് സെക്രട്ടറി), ഷാന്റി വർഗീസ് (നവകേരള മുൻ പ്രസിഡന്റ് -ആർ.വി.പി കാൻഡിഡേറ്റ്), നിതീഷ് (കേരള സമാജം ട്രഷറർ), ബിജോയി ജോസഫ് (നവകേരള ട്രഷറർ) തുടങ്ങിയവർ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് എല്ലാവിധ വിജയാശംസകളും നേർന്നു.

2022-24 ഫോമാ എക്യിക്യൂട്ടീവ് കമ്മറ്റിയിലെ ട്രഷററായി മിന്നുന്ന പ്രകടനം കാഴ്ച വച്ച ബിജു തോണിക്കടവിൽ എൺപതിനായിരത്തിലധികം ഡോളർ മിച്ചമുണ്ടാക്കിയാണ് സ്ഥാനമൊഴിഞ്ഞത്. 2026-28-ൽ സ്ത്രീകൾക്കും യുവജനങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്ന ഒട്ടേറെ പരിപാടികൾ ആവിഷ്കരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. വിദ്യാത്ഥികൾ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ തുടങ്ങി അമേരിക്കയിൽ എത്തിപ്പെടാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് എല്ലാവിധ സഹായങ്ങളും പുതിയ കമ്മറ്റി ഉറപ്പുനൽകുന്നു. വിവിധ മേഖലകളിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുറമെ, ഭാഷാ, വിദ്യാഭ്യാസ, സാംസ്കാരിക, തൊഴിൽ രംഗങ്ങളിൽ പുത്തൻ ആശയങ്ങളിലൂന്നിയ പ്രോജക്റ്റുകളായിരിക്കും നടപ്പാക്കുകയെന്ന് ടീം വോയ്സ് ഓഫ് ഫോമാ ആവർത്തിച്ച് വ്യക്തമാക്കി.




Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# ഇന്ത്യ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക മിഷിഗൺ ചാപ്റ്റർ ഭാരവാഹികൾ

അനിൽ ആറന്മുള

മിഷിഗൺ: നോർത്ത് അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ മിഷിഗൺ ചാപ്റ്ററിന്റെ 2026–2027 വർഷത്തേക്കുള്ള ഭാരവാഹികളെ ഗാർഡൻ ഫ്രഷ് കഫേയിൽ കൂടിയ മീറ്റിങ്ങിൽ വെച്ചു തിരഞ്ഞെടുത്തു. പ്രസിഡന്റ് അലൻ ജോൺ ചെന്നിത്തല, വൈസ് പ്രസിഡന്റ് അജയ് അലക്സ്, സെക്രട്ടറി ഷാരൺ സെബാസ്റ്റ്യൻ, ട്രെഷറർ ജോൺ വർഗ്ഗീസ് (ജോജി), ജോയിന്റ് സെക്രട്ടറി ജെയിൻ കണ്ണച്ചാൻ പറമ്പിൽ, ജോയിന്റ് ട്രെഷറർ ഷിജു വിൽസൺ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. അമേരിക്കൻ മലയാളി ഓൺലൈൻ അസ്സോസിയേറ്റ് എഡിറ്ററായ അലൻ ചെന്നിത്തല ഫ്ളവേഴ്സ് ടിവിയിലും പ്രവർത്തിക്കുന്നു. അമേരിക്കൻ മലയാളികൾക്ക് പ്രീയപ്പെട്ട റേഡിയോ മലയാളം യു എസ്സ് എ-യുടെ മാനേജിങ്ങ് പാർട്ട്ണർ ആയ അജയ് അലക്സ് വീക്കിലിന്യൂസ് റൗണ്ടപ്പിന്റേയും മറ്റ് വിനോദ പരിപാടികളുടെയും പ്രൊഡ്യുസർ ആണ്. സ്റ്റാർ ടിവി നെറ്റ്വർക്കിൽ അസ്സോസിയേറ്റ് പ്രൊഡ്യൂസർ ആയി മാധ്യമ പ്രവർത്തനം ആരംഭിച്ച ഷാരൺ സെബാസ്റ്റ്യൻ ടിവി പ്രോഗ്രാം പ്രൊഡ്യൂസർ, അവതാരക എന്നീ നിലയിൽ പ്രവർത്തിക്കുന്നു. ഫ്ലവേർസ് ടിവി റീജിയണൽ കോർഡിനേറ്റർ ആയ ജോൺ വർഗ്ഗീസ് (ജോജി) വിവിധ പ്രോഗ്രാമുകളുടെ നിർമ്മാതാവും അവതാരകനും ആണ്. ഏഷ്യാനെറ്റ് ന്യൂസ് യൂഎസ്എ-യുടെ പ്രൊഡക്ക്ഷൻ കോർഡിനേറ്റർ ആയ ജെയിൻ കണ്ണച്ചാൻപറമ്പിൽ അമേരിക്ക ഈ ആഴ്ച്ച എന്ന പ്രോഗ്രാമിന്റെ വിവിധ എപ്പിസോഡുകൾ ഡിട്രോയിറ്റിൽ നിന്നും സംപ്രേഷണം ചെയ്തിട്ടുണ്ട്. റേഡിയോ മലയാളം യു എസ്സ് എ-യുടെ മാനേജിങ്ങ് പാർട്ട്ണർ ആണ് ഷിജു വിൽസൺ. ഐ പി സി എൻ എ മിഷിഗൺ ചാപ്റ്ററിന്റെ ഈ വർഷത്തെ വിവിധ പരിപാടികളുടെ രൂപരേഖ തയ്യാറാക്കി പുതിയ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു.




Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com



## യുദ്ധത്തിന്റെ സാമ്പത്തിക ബാധ്യത ഞെട്ടിപ്പിക്കുന്നത്;

# ആദ്യ ദിവസം മാത്രം അമേരിക്ക ചെലവാക്കിയത് 779 മില്യൺഡോളർ

എ.എസ് ശ്രീകുമാർ

അമേരിക്കയും ഇറാനും തമ്മിലുള്ള 'ഓപ്പറേഷൻ എപ്പിക് ഫ്യൂറി' വൻതോതിലുള്ള സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന കൊടുംയുദ്ധമായി മാറുകയാണ്. ലോകത്തെ, പ്രത്യേകിച്ച് പശ്ചിമേഷ്യയെ ആശങ്കയിലാഴ്ത്തുന്ന യുദ്ധത്തിന്റെ ഭീമമായ സാമ്പത്തിക ചെലവിന്റെ ഞെട്ടിക്കുന്ന കണക്കുകളാണ് പുറത്തുവന്നിരിക്കുന്നത്. യുദ്ധത്തിന്റെ ആദ്യ 24 മണിക്കൂറിൽ മാത്രം അമേരിക്ക ഏകദേശം 779 മില്യൺ ഡോളറർ, അതായത് ഏകദേശം 7,163 കോടി ഇന്ത്യൻ രൂപയാണ് ഒരു ദിവസം കൊണ്ട് മാത്രം സൈനിക നീക്കങ്ങൾക്കായി ചിലവഴിച്ചത്. യുദ്ധത്തിന് മുന്നോടിയായി സൈനികരെ വിന്യസിക്കാനും കപ്പലുകൾ മാറ്റാനുമായി ചിലവായ 630 മില്യൺ ഡോളർ (5,792 കോടി രൂപ) ഇതിന് പുറമെയാണ്. ഓരോ മണിക്കൂർ പിന്നിടുമ്പോഴും കോടിക്കണക്കിന് രൂപയാണ് മിസൈലുകൾക്കായും ഇന്ധനത്തിനായും അമേരിക്ക ചിലവഴിക്കുന്നത്.

സൈനികരുടെ ജീവൻ നഷ്ടപ്പെടുന്നതിനോടൊപ്പം തന്നെ, രാജ്യം വലിയൊരു സാമ്പത്തിക പ്രത്യാഘാതവും നേരിടുകയാണെന്നാണ് റിപ്പോർട്ട്. പ്രസിഡന്റ് ട്രംപ് പറയുന്നതുപോലെ യുദ്ധം ഒരു മാസമെങ്കിലും നീണ്ടുനിന്നാൽ മൊത്തം ചെലവ് 210 ബില്യൺ ഡോളർ (18.87 ലക്ഷം കോടി രൂപ) വരെ എത്തിയേക്കാമെന്ന് പ്രമുഖ സാമ്പത്തിക വിദഗ്ധനായ കെന്റ് സ്മെറ്റേഴ്സ് മുന്നറിയിപ്പ് നൽകുന്നു. നേരിട്ടുള്ള സൈനികച്ചെലവ് മാത്രം 65 ബില്യൺ ഡോളറിനു മുകളിലാകുമെന്നും, ഇത് ഇന്ത്യയുടെ വാർഷിക ആരോഗ്യ ബജറ്റിന്റെ നാലിരട്ടിയോളം വരുമെന്നുമാണ് റിപ്പോർട്ട്. സൈനിക വിന്യാസത്തിനും സന്നാഹങ്ങൾക്കുമായി വൻ തുകയാണ് അമേരിക്ക ഇപ്പോൾ നീക്കിവെച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ വിമാനവാഹിനിക്കപ്പലായ യു.എസ്.എസ് ജെറാൾഡ് ആർ ഫോർഡ് ഉൾപ്പെടുന്ന കാരിയർ സ്ട്രൈക്ക് ഗ്രൂപ്പുകളുടെ ദൈനംദിന പ്രവർത്തനത്തിന് മാത്രം ഏകദേശം



6.5 മില്യൺഡോളർ (59കോടി രൂപ) ആവശ്യമാണ്. ഇറാനുമായി ഇനി ചർച്ചകൾക്കില്ലെന്ന് ട്രംപ് വ്യക്തമാക്കി കഴിഞ്ഞു.

അതേസമയം, ആഗോള എണ്ണവിപണിയിലെ അസ്ഥിരതയും സൈനിക ഉപകരണങ്ങളുടെ അമിതമായ ചിലവും അമേരിക്കൻ ഭരണകൂടത്തിന് വലിയ വെല്ലുവിളി ഉയർത്തുത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. യുദ്ധം തുടങ്ങി ദിവസങ്ങൾക്കുള്ളിൽ തന്നെ ചിലവ് പ്രതീക്ഷിച്ചതിലും അപ്പുറത്തേക്ക് കുതിക്കുകയാണെന്നാണ് സാമ്പത്തിക വിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്. യുദ്ധരംഗത്തെ യന്ത്രസാമഗ്രികളുടെ പരിപാലനവും വലിയൊരു ചിലവാണ്. കുവൈറ്റിൽ തകർന്ന മൂന്ന് യുഎസ് യുദ്ധവിമാനങ്ങളുടെ നഷ്ടം മാത്രം ഏകദേശം 250 മില്യൺ ഡോളറിൽ (2,298 കോടി രൂപ) അധികം വരും. ആയുധങ്ങൾ നിർമ്മിക്കുന്നതിനേക്കാൾ വേഗത്തിൽ അവ ഉപയോഗിക്കപ്പെടുന്നത് അമേരിക്കയുടെ ആയുധ ശേഖരത്തെയും സാരമായി ബാധിക്കുന്നുണ്ടത്രേ.



ഇതിനിടെ കുവൈറ്റിലെ പോർട്ട് ഷുഐബയിലുള്ള യു.എസ് സൈനിക കേന്ദ്രത്തിന് നേരെ ഇറാൻ നടത്തിയ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ട ആറ് സൈനികരിൽ നാല് പേരുടെ വിവരങ്ങൾ പെന്റഗൺ പുറത്തുവിട്ടിരുന്നു. മാർച്ച് ഒന്നിന് നടന്ന ആക്രമണത്തിൽ കൊല്ലപ്പെട്ട നാല് സൈനികരെ ഇന്നാണ് യു.എസ് പ്രതിരോധ വകുപ്പ് തിരിച്ചറിഞ്ഞത്. അയോവയിലെ ഡെസ് മോയിൻസിലുള്ള 103-ാമത് സസ്റ്റൈൻമെന്റ് കമാൻഡിലേക്ക് നിയോഗിക്കപ്പെട്ടവരായിരുന്നു ഈ നാല് സൈനികരും. ക്യാപ്റ്റൻ കോഡി എ ഖോർക്ക്, സാർജന്റ് ഫസ്റ്റ് ക്ലാസ് നോഹ എൽ. ടൈറ്റ്ജെൻസ്, സാർജന്റ് ഫസ്റ്റ് ക്ലാസ് നിക്കോൾ എം. അമോർ, സാർജന്റ് ഡെക്ലാൻ ജെ. കോഡി എന്നിവരാണ് ആ ധീരരായ പോരാളികൾ.

ഏറ്റവും സീനിയറായ ഉദ്യോഗസ്ഥനായിരുന്നു 35 വയസ്സുകാരനായ ക്യാപ്റ്റൻ കോഡിഎ ഖോർക്ക്. ഫ്ലോറിഡയിലെ ലേക്ലാൻഡിൽ താമസിക്കുന്ന അദ്ദേഹം 10 വർഷത്തിലേറെയായി സേവനമനുഷ്ഠിച്ച വ്യക്തിയായിരുന്നു. 2009-ൽ നാഷണൽ ഗാർഡിൽ ചേർന്ന ഖോർക്ക്, പിന്നീട് ആർമി റിസർവിൽ മിലിട്ടറി പോലീസ് ഓഫീസറായി നിയമിതനായി. സൗദി അറേബ്യ, ഗ്വാണ്ടനാമോ ബേ, പോളണ്ട് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച അദ്ദേഹത്തിന് നിരവധി മെഡലുകളും ബഹുമതികളും ലഭിച്ചിട്ടുണ്ട്. മെറിറ്റോറിയസ് സർവീസ് മെഡൽ മുതൽ ഗ്ലോബൽ വാർ ഓൺ ടെററിസം എക്സ്പെഡിഷണറി സർവീസ് മെഡൽ വരെ നീളുന്ന ഖോർക്കിന്റെ നേട്ടങ്ങൾ.

നെബ്രാസ്കയിലെ ബെല്ലെവ്യൂവിൽ നിന്നുള്ള നോഹ എൽ. ടൈറ്റ്ജെൻസ് (42) ആണ് കൊല്ലപ്പെട്ട മറ്റൊരു പ്രധാനി. 2006-ൽ ഒരു വെയിക്കിൾ മെക്കാനിക് ആയി ആർമി റിസർവിൽ ചേർന്ന അദ്ദേഹം വർഷങ്ങളോളം അമേരിക്കൻ സൈന്യത്തിന്റെ സാങ്കേതിക കരുത്തായി നിലകൊണ്ടു. ഇറാഖ് കാമ്പെയ്ൻ മെഡൽ ഉൾപ്പെടെ നിരവധി ബഹുമതികൾ നേടിയ ടൈറ്റ്ജെൻസ് അമേരിക്കൻ സൈന്യത്തിന്റെ വിശ്വസ്തനായ ഒരു സാർജന്റ് ഫസ്റ്റ് ക്ലാസ് ഓഫീസറായിരുന്നു. ആർമി റിസർവിന്റെ അയോവ യൂണിറ്റിലെ തന്ത്രപ്രധാനമായ കണ്ണിയായിരുന്നു അദ്ദേഹം. ഖമേനിയുടെ കൊലപാതകത്തിന് പ്രതികാരമായി ഇറാൻ തൊടുത്തുവിട്ട ഡ്രോണുകൾ ടൈറ്റ്ജെൻസ് എന്ന അനുഭവ സമ്പന്നന്റെയും ജീവനെടുത്തു.

വനിതാ സൈനികയായിരുന്നു മിനസോട്ടയിലെ വൈറ്റ് ബെയർ ലേക്ക് നിവാസിയായ സാർജന്റ് ഫസ്റ്റ് ക്ലാസ് നിക്കോൾ എം അമോർ (39). 2005ൽ നാഷണൽ ഗാർഡിൽ ഓട്ടോമേറ്റഡ് ലോജിസ്റ്റിക്സ് സ്പെഷ്യലിസ്റ്റായി ചേർന്ന നിക്കോൾ പിന്നീട് ആർമി റിസർവിലേക്ക് മാറി. 2019-ൽ കുവൈറ്റിലും ഇറാഖിലും വിന്യസിക്കപ്പെട്ട ഈ സൈനിക, അമേരിക്കൻ സൈന്യത്തിലെ സ്ത്രീസാന്നിധ്യത്തിന്റെ കരുത്തുറ്റ അടയാളമായിരുന്നു. സമാധാനത്തിന്റെ സൂക്തങ്ങൾക്ക് വിലയല്ലാത്ത ഈ യുദ്ധക്കളത്തിൽ നിക്കോളിന്റെ വിയോഗം അവരെയും നൊമ്പരപ്പെടുത്തുന്നു. പ്രായത്തിൽ ഏറ്റവും ഇളയ വ്യക്തിയായിരുന്നു ഡെക്ലാൻ ജെ കോഡി എന്ന 20-കാരൻ. 2023-ൽ ആർമി റിസർവിൽ ഇൻഫർമേഷൻ ടെക്നോളജി സ്പെഷ്യലിസ്റ്റായി ചേർന്ന ഈ ചെറുപ്പക്കാരന് തന്റെ കരിയറിന്റെ തുടക്കത്തിൽ തന്നെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നു. മരണശേഷം അദ്ദേഹത്തിന് സ്പെഷ്യലിസ്റ്റിൽ നിന്ന് സ്ഥാനക്കയറ്റം നൽകി രാജ്യം ആദരിക്കുകയു ചെയ്തു.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ഫൊക്കാന ടീം ഇന്റഗ്രറ്റി പാനലിനു ഒർലാണ്ടോയിൽ വമ്പിച്ച സ്വീകരണവും ആവേശകരമായ പിന്തുണയും

ഒർലാണ്ടോ, ഫ്ലോറിഡ: ഫൊക്കാന ഇലക്ഷനിൽ മത്സരിക്കുന്ന ടീം ഇന്റഗ്രറ്റി പാനലിനു ഓർലന്റോയിൽ വമ്പിച്ച സ്വീകരണവും ആവേശകരമായ പിന്തുണയും. പാനൽ അംഗങ്ങൾ പങ്കെടുത്ത എല്ലാ ചടങ്ങുകളിലും വലിയ ജനപിന്തുണയാണ് ഉണ്ടായത്.

ടീം ഇന്റഗ്രറ്റിയുടെ കിക്ക് ഓഫ് ക്യാമ്പയിന്റെ ഉത്ഘാടനം വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. കിക്കോഫിന്റെ നേതൃത്വം വഹിച്ചത് ഓർലാന്റോ ഏരിയയിലെ പ്രമുഖ മലയാളി സംഘടനകളായ ഓർമ്മ, ഒരുമ എന്നിവയും ഡേറ്റോണയിലെ 'മാഡ്' എന്ന സംഘടനയുടെ നേതാക്കളായ ലിന്റോ ജോളി, രാജീവ് കുമാരൻ, ചാക്കോ കുര്യൻ എന്നിവരുമാണ്. സംഘടനകളുടെ പൂർണ്ണപിന്തുണയോടെ ഡെലിഗേറ്റുകൾ ആവുന്നവരും അഭ്യുദയകാംക്ഷികളുമായി






അനേകം നേതാക്കൾ പങ്കെടുത്തു.

കിക്കോഫിൽ ടീം ഇന്റഗ്രറ്റിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ, ട്രഷറർ സ്ഥാനാർഥി ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനാർഥി ലിന്റോ ജോളി, വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ജോസി കാരക്കാട്ട്, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, റീജണൽ വൈസ് പ്രസിഡന്റ് രാജീവ്







കുമാരൻ, കമ്മറ്റി മെമ്പർ ആയി മത്സരിക്കുന്ന ആന്റണി മാത്യൂ എന്നിവർ പങ്കെടുത്തു. ടീം ഇന്റഗ്രറ്റിയുടെ ലക്ഷ്യങ്ങളെ പറ്റി അവർ വിശദമായി സംസാരിച്ചു.

ഫൊക്കാനയുടെ യശസ്സ് ഒരുപടി കൂടി ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും ഈ പാനൽ സ്വീകരിക്കും. ഫൊക്കാനയെ ഒരു പുതിയ പ്രഭാതത്തിലേക്ക് നയിക്കാൻ ഫിലിപ്പോസ് ഫിലിപ്പിന്റെ പാനലിനെ വിജയിപ്പിക്കണമെന്ന് പ്രാസംഗികർ അഭ്യർത്ഥിച്ചു.

ഫൊക്കാനയ്ക്കെതിരെ പ്രവർത്തിയ്ക്കുകയും, പല പ്രാവശ്യം കേസ് കൊടുക്കുകയും ചെയ്ത ശേഷവും വീണ്ടും വീണ്ടും സ്ഥാനാർഥിയാവുന്ന ദുസ്ഥിതിയും പ്രാസംഗികർ ചൂണ്ടിക്കാട്ടി.

ഒരുമ പ്രസിഡന്റ് ബിനുസ്, ഓർമ്മയുടെ മുൻ പ്രസിഡന്റ് രാജീവ് കുമാരൻ, മലയാളി അസോസിയേഷൻ ഓഫ് ഡേറ്റോണ പ്രസിഡന്റ് ജെറി കാമ്പിൽ, മുൻ പ്രസിഡന്റ് സാവിയോ, ഓർമ്മയുടെ മുൻ പ്രസിഡന്റും ഫൊക്കാനയുടെ അനിഷേദ്ധ്യ നേതാവുമായ ചാക്കോ കുര്യൻ, ഒരുമയുടെ 2027 ലെ



പ്രസിഡന്റ് അനുരാധ, ഒരുമയുടെ മുൻ പ്രസിഡന്റും ഇപ്പോൾ കെ.എച്ച്.എൻ.എയുടെ ട്രഷററുമായ അശോക് മേനോൻ, ഒരുമയുടെ മുൻ പ്രസിഡന്റ് ജയ കാമ്പിൽ എന്നിവർ സംസാരിച്ചു.

സാവിയോ, മനീഷ്, മനോജ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാനമേള കിക്കോഫിന്റെ മാധുര്യം ഇരട്ടിപ്പിച്ചു.














# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഒടുവിൽ ശൈലജ ടീച്ചർ സമ്മതിച്ചു; മട്ടന്നൂർ വിട്ട് പേരാവൂരിൽ സണ്ണി ജോസഫിനെ വീഴ്ത്താൻ കച്ചകെട്ടുന്നു




എ.എസ് ശ്രീകുമാർ

തന്റെ തട്ടകമായ മട്ടന്നൂർ സീറ്റ് ലഭിക്കാത്തതിന്റെ പേരിൽ അതൃപ്തിയിലായിരുന്ന മുൻ ആരോഗ്യ മന്ത്രി കെ.കെ ശൈലജ കെ.പി.സി.സി പ്രസിഡന്റ് അഡ്വ. സണ്ണി ജോസഫിന്റെ മണ്ഡലമായ പേരാവൂരിൽ മൽസരിക്കും. സിറ്റിങ് സീറ്റായ മട്ടന്നൂരിൽ ഇത്തവണ ശൈലജയെ പരിഗണിക്കേണ്ടതില്ലെന്ന പ്രാഥമിക ചർച്ചകൾക്കൊടുവിൽ, പേരാവൂർ മണ്ഡലം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് ഈ സുപ്രധാന തീരുമാനമെടുത്തത്. കോൺഗ്രസിന്റെ കോട്ടയായ പേരാവൂരിൽ നിന്ന് 2006-ൽ ശൈലജ ടീച്ചർ വിജയിച്ചിരുന്നു. ശൈലജയെപ്പോലെയുള്ള കരുത്തുറ്റ ജനകീയ നേതാക്കളെ തിരഞ്ഞെടുപ്പ് ഗോദയിൽ നിന്ന് മാറ്റി നിർത്തുന്നത് തിരിച്ചടിയാകുമെന്ന വിലയിരുത്തലാണ് പാർട്ടി കേന്ദ്ര-സംസ്ഥാന നേതൃത്വത്തെ പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചത്.

സി.പി.എമ്മിന്റെ ഷുവർ സീറ്റായ മട്ടന്നൂരിൽ പുതുമുഖത്തെ നിർത്തി വിജയിപ്പിക്കുന്നതിനു വേണ്ടിയാണ് ശൈലജ ടീച്ചറെ ഇവിടെ നിന്ന് മാറ്റുന്നത്. ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറി വി.കെ സനോജാകും മട്ടന്നൂരിൽ ഇക്കുറി മത്സരിക്കുക. പേരാവൂരിൽ മത്സരിക്കാൻ ശൈലജ സന്നദ്ധത അറിയിച്ചതായാണ് റിപ്പോർട്ട്. രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന പോരാട്ടമായിരിക്കും കരുത്തരായ രണ്ട് സ്ഥാനാർത്ഥികൾ തമ്മിൽ പേരാവൂരിൽ നടക്കുന്നത്. രണ്ടു ടേം വ്യവസ്ഥയുടെ പേരിൽ ഇത്തവണ മുതിർന്ന പല നേതാക്കളെയും മാറ്റിനിർത്താൻ സി.പി.എം ആലോചിച്ചിരുന്നു. കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ ആദ്യ പട്ടികയിൽ മട്ടന്നൂരിൽ ശൈലജയുടെ പേര് ഉൾപ്പെട്ടിരുന്നില്ല.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ (2021) കേരളത്തിലെ ഏറ്റവും ഉയർന്ന ഭൂരിപക്ഷമായ 60,963 വോട്ട് നേടിയാണ് കെ.കെ ശൈലജ മട്ടന്നൂരിൽ നിന്ന് വിജയിച്ചത്. ഈ റെക്കോഡ് ഭൂരിപക്ഷത്തിൽ വിജയിച്ച ഒരു നേതാവിനെ ഒഴിവാക്കുന്നത് വോട്ട് വിഹിതത്തെ ബാധിക്കുമെന്ന് പാർട്ടിയിലെ ഒരു വിഭാഗം ശക്തമായി വാദിതിന്റെ അടിസ്ഥാനത്തിലാണ് പേരാവൂരിൽ ശൈലജ ടീച്ചർക്ക് നറുക്കു വീണത്. യു.ഡി.എഫിന്റെ കൈവശമുള്ള, വിജയം ഉറപ്പില്ലാത്ത മണ്ഡലങ്ങളിൽ ജനപ്രീതിയുള്ള നേതാക്കൾക്ക് രണ്ടു ടേം മാനദണ്ഡത്തിൽ ഇളവ് നൽകാം എന്ന ഫോർമുലയിലാണ് ശൈലജയുടെ കാര്യത്തിൽ സി.പി.എം സ്വീകരിച്ച നിലപാട്.

പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളിൽ പാർട്ടി രണ്ട് ടേം മാനദണ്ഡത്തിൽ ഇളവ് നൽകാറുണ്ട്. പുതുമുഖങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനൊപ്പം തന്നെ മുതിർന്ന നേതാക്കളെ കടുപ്പമേറിയ മണ്ഡലങ്ങളിലേക്ക് നിയോഗിക്കുന്ന ശൈലിയാണ് സി.പി.എം ഇത്തവണ സ്വീകരിച്ചിരിക്കുന്നത്. ഭരണത്തുടർച്ച ലക്ഷ്യമിടുന്ന ഇടതു മുന്നണിക്ക് ശൈലജയെപ്പോലുള്ള ജനകീയ മുഖങ്ങളുടെ സാന്നിധ്യം അനിവാര്യമാണ്. പാർട്ടി സംസ്ഥാന സെക്രട്ടേറിയേറ്റ് നാളെ (മാർച്ച് 4) ചേരും. എട്ടാം തീയതി സി.പി.എം സ്ഥാനാർഥി പട്ടിക പ്രഖ്യാപിക്കും.

പേരാവൂർ ഇടതുപക്ഷത്തിന് ജയിക്കാൻ സാധിക്കുന്ന മണ്ഡലമാണെന്നാണ് കെ.കെ ശൈലജയുടെ ഉറച്ച വിശ്വാസം. 2006-ൽ കോൺഗ്രസിന്റെ സിറ്റിങ് എംഎൽഎയായിരുന്ന എ.ഡി മുസ്തഫയെ 9,099 വോട്ടുകൾക്ക് പരാജയപ്പെടുത്തി ശൈലജ പേരാവൂരിൽ വിജയക്കൊടി പാറിച്ചിരുന്നു. മണ്ഡലം രൂപീകൃതമായ ശേഷം ഇടതുപക്ഷം നേടിയ ഏറ്റവും വലിയ വിജയമായിരുന്നു അത്. എന്നാൽ 2011-ൽ സണ്ണി ജോസഫിനോട് 3,440 വോട്ടുകൾക്ക് പരാജയപ്പെട്ടു. പിന്നീട് 2016-ലും 2021-ലും ശൈലജയെ പേരാവൂരിലേക്ക് മടക്കിക്കൊണ്ടുവരണമെന്ന ആവശ്യം ഉയർന്നെങ്കിലും പാർട്ടി സുരക്ഷിത സീറ്റുകൾ നൽകുകയായിരുന്നു. ഒന്നാം പിണറായി സർക്കാരിൽ ആരോഗ്യ വകുപ്പ് മന്ത്രിയെന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച വ്യക്തിയാണ് ശൈലജയുടെ പേര് ഒരുഘട്ടത്തിൽ മുഖ്യമന്ത്രി സ്ഥാനത്തേക്ക് വരെ ഉയർന്നുകേട്ടിരുന്നു.

കെ.കെ ശൈലജ കളത്തിലിറങ്ങുന്നതോടെ സിറ്റിങ് എം.എൽ.എ സണ്ണി ജോസഫുമായുള്ള പോരാട്ടം പ്രവചനാതീതമാവും. കഴിഞ്ഞ മൂന്ന് തവണയായി കോൺഗ്രസിന്റെ സണ്ണി ജോസഫ് പ്രതിനിധീകരിക്കുന്ന ഈ മണ്ഡലം തിരിച്ച് പിടിച്ചെടുക്കുക എന്നത് സി.പി.എമ്മിനെ സംബന്ധിച്ചിടത്തോളം അഭിമാനപ്രശ്നമാണങ്കിലും അത് അത്ര എളുപ്പമല്ല. സണ്ണി ജോസഫിന്റെ വ്യക്തിപരമായ സ്വാധീനവും യു.ഡി.എഫിന്റെ വോട്ട് ബാങ്കും മറികടക്കുക എന്നത് വലിയ വെല്ലുവിളിയാണ്. എന്നിരുന്നാലും, മണ്ഡലത്തിൽ പാർട്ടി വോട്ടുകൾക്ക് പുറമെ നിഷ്പക്ഷ വോട്ടുകളും വനിതാ വോട്ടുകളും സമാഹരിക്കാൻ ശൈലജ ടീച്ചർക്ക് സാധിക്കുമെന്ന് സി.പി.എം നേതൃത്വം വിശ്വസിക്കുന്നു. കണ്ണൂർ ജില്ലയിലെ മറ്റ് മണ്ഡലങ്ങളിലും ടീച്ചറുടെ സ്ഥാനാർത്ഥിത്വം ഇടത് മുന്നണിക്ക് ഊർജ്ജം പകരാൻ പോന്നതാണ്.

സണ്ണി ജോസഫ് 2025 മെയ് 8 മുതൽ കെ.പി.സി.സി പ്രസിഡന്റായി തുടരുന്ന വ്യക്തിയാണ്. 1970 മുതൽ കെ.എസ്.യുവിന്റെ സജീവ പ്രവർത്തകനായ സണ്ണി ജോസഫ് കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികളിൽ വിദ്യാർത്ഥി പ്രതിനിധിയായ സിൻഡിക്കേറ്റ് മെമ്പറായിരുന്നു. 1980-കളിൽ യൂത്ത് കോൺഗ്രസ് കണ്ണൂർ ജില്ലാ പ്രസിഡന്റായി രാഷ്ട്രീയത്തിൽ സജീവമായ സണ്ണി ജോസഫ് 2001-ൽ കെ സുധാകരൻ കണ്ണൂർ ഡി.സി.സി പ്രസിഡന്റ് സ്ഥാനമൊഴിഞ്ഞപ്പോൾ പകരം ഡി.സി.സി പ്രസിഡന്റായി നിയമിതനായി.

സംസ്ഥാനത്തെ കോൺഗ്രസിൽ കെ സുധാകരന്റെ വിശ്വസ്ഥനായി അറിയപ്പെടുന്ന സണ്ണി ജോസഫ് 2011-ലെ നിയമസഭ തിരഞ്ഞെടുപ്പിൽ പേരാവൂർ മണ്ഡലത്തിൽ നിന്നും ആദ്യമായി നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 2016, 2021 നിയമസഭകളിൽ വീണ്ടും അംഗമായി. യൂത്ത് കോൺഗ്രസ് കണ്ണൂർ, ജില്ലാ പ്രസിഡന്റ്, ഉളിക്കൽ സഹകരണ ബാങ്ക്, പ്രസിഡന്റ്, തലശ്ശേരി കാർഷിക വികസന സഹകരണ സൊസൈറ്റി, പ്രസിഡന്റ്, മട്ടന്നൂർ ബാർ അസോസിയേഷൻ, പ്രസിഡന്റ്, 2001മുതൽ 2011 വരെ കണ്ണൂർ ഡി.സി.സി. പ്രസിഡന്റ്, യു.ഡി.എഫ് കണ്ണൂർ ജില്ലാ ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് ചൂടിലേക്ക് കേരളം എത്തുമ്പോൾ, വി.ഐ.പി മണ്ഡലമായി മാറിക്കഴിഞ്ഞ പേരാവൂരിലെ പോരാട്ടം കേരള രാഷ്ട്രീയത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നായി മാറും.



**പേരാവൂർ ഇടതുപക്ഷത്തിന് ജയിക്കാൻ സാധിക്കുന്ന മണ്ഡലമാണെന്നാണ് കെ.കെ ശൈലജയുടെ ഉറച്ച വിശ്വാസം. 2006-ൽ കോൺഗ്രസിന്റെ സിറ്റിങ് എംഎൽഎയായിരുന്ന എ.ഡി മുസ്തഫയെ 9,099 വോട്ടുകൾക്ക് പരാജയപ്പെടുത്തി ശൈലജ പേരാവൂരിൽ വിജയക്കൊടി പാറിച്ചിരുന്നു.**


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


#1 'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


Pravasi Channel
& eMalayalee
Presents
pravasi CHANNEL HD
emalayalee.com
American NewsWEEK
Every Day
8am | 1pm | 5pm
and 8pm US EST
അമേരിക്കൻ
ന്യൂസ് വീക്ക്
എല്ലാ ദിവസവും